ദേവാലയധ്വംസനങ്ങൾക്കുശേഷം

ഇരുമ്പുസേഫ്സ്കാരി, ഇളക്കാനും, പൊളിക്കാനും, തുറക്കാനും പറ്റാത്തവിധത്തിൽ ബോൾട്ടിൽ ഉറപ്പിക്കാവുന്നതും, കാൽ ഇരുമ്പുപലകകൊണ്ടും വാതിലിനു സാക്ഷപോലെ നീങ്ങുന്നതും പൂട്ടിനു 7 ലിവർ ഉള്ളതും വാതിലിന്റെ ഇരുഭാഗത്തും ഓരോന്നും, ഇരുമ്പും തുണികൊണ്ടും വീതം ഫിറ്റർ ചെയ്തിട്ടുള്ളതുമായ സേഫ്സ്കാരി പല വലുപ്പത്തിൽ.

A N T JOSEPH - Phone: 6 - Metal works
VALAPAD

Reg: No K. 51

തൊഴിലാളി

Founder: Father Vadakkan : : Managing Editor B. Wellington B A

'തൊഴിലാളി' വരിസംഖ്യ നിരക്ക്

വാർത്തുപ്പുനിപ്പ്

	പോസ്റ്റ്ഫ്രീ	പോസ്റ്റ്വരി
ഒരു കൊല്ലത്തേയ്ക്ക്	27_00	6_00
6 മാസത്തേയ്ക്ക്	13_50	3_00
1 മാസത്തേയ്ക്ക്	2_25	1_50
എജൻറുമാർവഴി ഒരു മാസത്തേയ്ക്ക് വരുന്നുപ്പുനിപ്പ് അരണ്ണം		2_10
കാരപ്രതി	0_07	0_10

മാനേജർ.

വൃശ്ചികം 12 | ലക്കം 121 | 1965 മേയ് 8 ശനി | തൃശൂർ | വില 7 പൈസ | പേജ് 4

കേരള ഗവർണ്ണർ വാഗ്ദാനങ്ങൾ നിരത്തിവെയ്ക്കുന്നു

വളംനിർമ്മാണശാല തുടങ്ങും-കപ്പൽനിർമ്മാണ കേന്ദ്രത്തിന്റെ പണി ഉടൻ ആരംഭിക്കും-പുറകേ വേറെയും വ്യവസായങ്ങൾ

ജയിനിന്റെ പ്രക്ഷേപണി പ്രസംഗം

(പി. ടി ഐ.) തിരുവനന്തപുരം മെയ് 7

ഏകദേശം ഇരുപതിനായിരം ടൺ പാക്യജനകപ്രധാനമായ വളം ഉല്പാദിപ്പിക്കാൻ കഴിവുള്ള ഒരു ഫാക്ടറി കേരളത്തിൽ സ്ഥാപിക്കുന്നതിനു് "നല്ല സാദ്ധ്യതകളുണ്ടെന്നു്" കേരള ഗവണ്ണർ എ. പി. ജയിൻ അഖിലേന്ത്യാ റേഡിയോയിൽകൂടി ചെയ്ത ഒരു പ്രക്ഷേപണി പ്രസംഗത്തിൽ പ്രസ്താവിച്ചിരിക്കുന്നു. ശ്രമം വിജയിച്ചാൽ സംസ്ഥാനത്തെ രണ്ടാമത്തെ വളം നിർമ്മാണശാലയായിരിക്കും ഇതു്.

ഉടനടി ഫലം തരുന്നതും തൊഴിൽ ദായകപ്രധാനവുമായ ചില പരിപാടികളും സംസ്ഥാനത്തു നടപ്പാക്കാൻ കേന്ദ്ര ഗവണ്മെന്റിൽനിന്നു് അനുവാദം ലഭിച്ചിട്ടുണ്ടെന്നു് ജയിൻ വെളിപ്പെടുത്തി. ഫിഷറി, രണ്ണസംരക്ഷണം, പൈകിട ജലസേചനം, ബണ്ടിങ്ങു്, തോട്ടങ്ങൾ പൈകിട വ്യവസായങ്ങൾ എന്നിവയാണു് അവയിൽ ചിലതു്.

സംസ്ഥാനത്തിന്റെ തീരപ്രദേശത്തെ കടൽക്ഷോഭത്തിൽനിന്നും സംരക്ഷിക്കുന്നതിനാവശ്യമായ ഭിത്തിനിർമ്മാണം ഒരു ദേശീയപദ്ധതിയെന്ന നിലയിൽ നാലാം പഞ്ചവത്സരപദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്നു് ജയിൻ പറഞ്ഞു. വളരെയധികം ചിലവുവരുന്ന ഈ പദ്ധതി സംസ്ഥാനത്തിന്റെ സാമ്പത്തികശേഷിക്കതീതമാണു്. പൊടോകെമിക്കൽ ഫാക്ടറിയുടെ സ്ഥാനനിർണ്ണയത്തെ സംബന്ധിച്ചു് നാലംപദ്ധതിക്കാലത്തു് ഇന്ത്യാഗവണ്മെന്റു് തീരുമാനമെടുക്കും. കൊച്ചിൻ റിഫൈനറിയുടെ അവകാശവാദം മദ്രാസ്, ഹാൽഡിയാ റിഫൈനറികളുടേതിനോടൊപ്പം പരിഗണിക്കപ്പെട്ടുതിനിശ്ചയിച്ചിരിക്കുന്നതായി ഇവിടെ ലഭിച്ച ഒരു ഔദ്യോഗികറിപ്പോർട്ടിൽ കാണുന്നു.

അനൌന്യം കനത്ത വെടിവെപ്പുകാരണം നടന്നശേഷം നാഗാ കലാപകാരികൾ കൂട്ടിവെക്കു ഒളിച്ചുപോയി. സുശക്തമായ ഒരു രക്ഷാസേന സംഭവസ്ഥലത്തേക്കു് കുതിച്ചിട്ടുണ്ടെന്നു് റിപ്പോർട്ടിൽ പറയുന്നു.

ടെക്നൊപാം സബ്ഡിവിഷനിൽ ഉണ്ടായ മൂന്നു അനിഷ്ടസംഭവങ്ങളുടെ റിപ്പോർട്ടുകൾകൂടി ഇവിടെ ലഭിച്ചിട്ടുണ്ടു്. മറ്റൊന്നു് ഇന്നുവെച്ചു് മേയ് 1-ാംതീയതി സായുധരായ നാഗാ കലാപകാരികൾ ഒരു ഗ്രാമീണോദ്യോഗസ്ഥനെ വധിക്കുകയുണ്ടായി. മേയ് 5-ാംതീയതി ഒരു അസിസ്റ്റൻറ് സബ്ഇൻസ്പെക്ടർ ഉൾപ്പെടെ രണ്ടുപേരെ അവർ തട്ടിക്കൊണ്ടുപോയി. ബോൺഗ്രവിലെ ബ്ലോക്ക്ഡവലപ്പ്മെൻറ്ഓഫീസ് അവർ ആക്രമിക്കുകയും ടെലഫോൺകമ്പിസകൾ വിഛേദിക്കുകയും ചെയ്തു.

....

നാഗാ കലാപകാരികളുടെ ആക്രമണം

പോലീസുകാരൻ വധിക്കപ്പെട്ടു

(പി ടി ഐ) ഇംഫാൽ(മണിപ്പൂർ) മേ. 7 ബമ്മാറോഡിൽ സ്ഥിതിചെയ്യുന്ന വല്ലേൽ പോലീസ് ഔട്ട്പോസ്റ്റിനുനേരെ സായുധ നാഗാ കലാപകാരികൾ ആക്രമണം നടത്തിയതിനെത്തുടർന്നു് ഒരു പോലീസുകാരൻ കൊല്ലപ്പെട്ടിരിക്കുന്നതായി ഇവിടെ ലഭിച്ച ഒരു ഔദ്യോഗികറിപ്പോർട്ടിൽ കാണുന്നു.

പിൻവാങ്ങിയാൽ നന്നു് അല്ലെങ്കിൽ എന്തുചെയ്യണമെന്നറിയാം

ബ്രിട്ടീഷു് പ്രധാനമന്ത്രിയുടെ നിർദ്ദേശങ്ങൾ സ്വീകരിക്കാൻ പ്രധാനമന്ത്രി ശാസ്ത്രി പാകിസ്ഥാനെ ഉപദേശിക്കുന്നു

(പി ടി ഐ) ന്യൂഡെൽഹി, മേയ് 7

റാൺ ഓഫ് കച്ചിൽ വെടിനിറുത്തുവാനും മുൻനില പുനഃസ്ഥാപിക്കുവാനുമുള്ള ബ്രിട്ടീഷു് പ്രധാനമന്ത്രി ഹാരോൾഡ് വിത്സന്റെ നിർദ്ദേശം പാകിസ്ഥാന്റെ ഉത്തമതാല്പര്യങ്ങൾക്കനുസൃതമായിരിക്കുമെന്നു് പ്രധാനമന്ത്രി ശാസ്ത്രി പാകിസ്ഥാനെ ഉപദേശിച്ചിരിക്കുന്നു.

"പക്ഷേ പാകിസ്ഥാൻ അതു ചെയ്യുന്നില്ലെങ്കിൽ ഞങ്ങളും എന്തു ചെയ്യണമെന്നു് ഞങ്ങൾക്കറിയാം", ശാസ്ത്രി തുടർന്നുപറഞ്ഞു. "ഞങ്ങളുടെ ഉത്തരവാദിത്വങ്ങളും ഏറ്റവും പൂർണ്ണമായും ഏറ്റെടുക്കുവാൻ ഞങ്ങൾ നിർബ്ബന്ധിതരാകും". വിജ്ഞാനഭവനിൽ വാർത്താവിതരണവകുപ്പുമന്ത്രിമാരുടെ ഒരു സമ്മേളനം ഉൽഘാടനം ചെയ്തുകൊണ്ടു് പ്രസംഗിക്കുകയായിരുന്നു ശാസ്ത്രി.

അദ്ദേഹം തുടർന്നു:— നിർദ്ദേശങ്ങൾ സ്വീകരിക്കാതെ, ഇപ്പോഴത്തെ സംഘട്ടനം ഒരു വൻപോരാട്ടമായി പരിണമിക്കാൻ പാകിസ്ഥാൻ അനുവദിച്ചാൽ രാജ്യം കൊക്കെട്ടായി ഉണർന്നെഴുന്നേല്പുന്ന ഒരു സ്ഥിതിവിശേഷം ഉണ്ടായിച്ചേക്കാം. ഇവിടെയാണു് ശിക്ഷണബോധത്തിന്റെ പ്രാധാന്യം അന്തർഭവിച്ചിട്ടുള്ളതു്. 'ഇപ്പോഴത്തെ വെല്ലുവിളി'യെ നേരിടാൻ സുശിക്ഷിതമായ ഒരു രാജ്യത്തിനേ സാധിക്കൂ. ഈ വികാരങ്ങൾ ജനങ്ങൾക്കു പകർന്നുകൊടുക്കുകയാണു് വാർത്താവിതരണ മന്ത്രിമാരും അവരുടെ ഉദ്യോഗസ്ഥന്മാരും പരമാവധി പരിശ്രമിക്കുമെന്നു് ശാസ്ത്രി വിശ്വാസം പ്രകടിപ്പിച്ചു. ഈ വെല്ലുവിളിയെ നേരിടാൻ രാജ്യത്തെ സജ്ജമാക്കേണ്ടതുണ്ടു്.

ഇപ്പോഴത്തെ സംഘട്ടനം ഒരു വൻയുദ്ധമായി രൂപാന്തരപ്പെടാതിരുന്നെങ്കിൽ നന്നായിരുന്നുവെന്നു് ഇന്ത്യയ്ക്കു തോന്നുന്നുണ്ടു്. കാരണം, ഒരു യുദ്ധം "വമ്പിച്ച പ്രത്യാഘാതങ്ങൾ" സൃഷ്ടിക്കുന്നു. അതുകൊണ്ടാണു് ഒരു വെടിനിറുത്തൽ ഉണ്ടാകണമെന്നും മുൻസ്ഥാനങ്ങളിലേയ്ക്കു പിൻവാങ്ങണമെന്നും ബ്രിട്ടീഷു് പ്രധാനമന്ത്രി നിർദ്ദേശിച്ചപ്പോൾ ഞങ്ങൾ അതിനെ എതിർക്കാതിരുന്നതു്.

ഇന്ത്യാ ഗവണ്മെണ്ടു് ഈ നിർദ്ദേശത്തെ പ്രതികരണം ബ്രിട്ടീഷു് പ്രധാനമന്ത്രിയെ അറിയിച്ചുകഴിഞ്ഞു. വെടിനിറുത്തലിനോടൊപ്പം തന്നെ മുൻനില പുനഃസ്ഥാപിക്കപ്പെടണമെന്നു് അതിൽ നിഷ്കർഷിച്ചിട്ടുണ്ടു്. എന്നാൽ മാത്രമേ മറ്റു വിഷയങ്ങൾ നമുക്കു പരിഗണിക്കാനാവൂ.

അതിനിടയിലെ ഗുരുതരമായ സംഭവവികാസം രാഷ്ട്രത്തിനു് കടുത്ത ഉൽക്കണ്ഠയുളവാക്കുന്നു എന്നാണു്. ഇന്ത്യാ ഗവണ്മെണ്ടു് പ്രധാനമന്ത്രി ശാസ്ത്രി പറഞ്ഞു.

കോടതിയിൽ ഹാജരാകുകയോ സമൻസ് കൈപ്പറ്റുകയോ ചെയ്യാതെ നു് ശാസ്ത്രി സ്പീക്കറോടും പറഞ്ഞു.

....

സ്പീക്കർ കോടതിയിൽ പോകരുതു്

മധുലിമായുടെ റിട്ടുസംബന്ധിച്ചു് ലോകസഭയുടെ തീരുമാനം

(പി ടി ഐ) ന്യൂഡൽഹി, മേ. 7

ഭരണഘടനയനുസരിച്ചു് ഒരു മെമ്പർക്കുള്ള അവകാശങ്ങളെ സംരക്ഷിക്കുന്നതിനു് ലോകസഭാ സ്പീക്കർക്കെതിരായി സോഷ്യലിസ്റ്റംഗമായ മധുലിമായെ സമർപ്പിച്ച റിട്ടിനു മറുപടി നൽകാൻ പഞ്ചാബു് ഹൈക്കോടതിയിൽ ഹാജരാവുകയോ പ്രതിനിധിയെ അയയ്ക്കുകയോ ചെയ്യരുതെന്നു് സ്പീക്കർ ശ്രീമതി സുമിത്രാ മഹാജനു് ഇന്നു ലോകസഭാ നിർദ്ദേശം നൽകിയിരിക്കുന്നു.

ഇതുസംബന്ധിച്ച 20 മിനിട്ടു ദീർഘിച്ച ചർച്ചയിൽ സ്പീക്കറും സഭയും യാതൊരു കോടതിയുടെയും അധികാരപരിധിക്കു വിധേയമായിരിക്കരുതെന്നു് ഭരണകക്ഷിയിലേയും പ്രതിപക്ഷകക്ഷികളിലേയും നിരവധി അംഗങ്ങൾ വാദിച്ചു.

സഭയുടെ ആഭ്യന്തരമായ പ്രവർത്തനങ്ങളിലും നടപടിക്രമങ്ങളിലും അതിനു് സുനിശ്ചിതവും പൂർണ്ണവുമായ പരമാധികാരമുണ്ടെന്ന മെമ്പർമാരുടെ അഭിപ്രായത്തോടു് താൻ യോ

ജിക്കുന്നുവെന്നു് പ്രധാനമന്ത്രി ശാസ്ത്രി പറഞ്ഞു.

കോടതിയിൽ ഹാജരാകുകയോ സമൻസ് കൈപ്പറ്റുകയോ ചെയ്യരുതെന്നു് ശാസ്ത്രി സ്പീക്കറോടും പറഞ്ഞു.

....

അന്യക്ഷേത്രിയായ വൈദേശികഭീഷണി

ഒരഭ്യന്തരകാര്യമായി മാത്രം പരിഗണിക്കരുതെന്നു്

(പി ടി ഐ) ബോംബെ, മേ. 7

ഇന്ത്യക്കെതിരായി പാകിസ്ഥാനിൽനിന്നും ചൈനയിൽനിന്നും ഉയർന്നിരിക്കുന്ന ദ്വിമുഖ ഭീഷണി ഇന്ത്യയുടെ ഒരു ആഭ്യന്തരപ്രശ്നമായി മാത്രമായി പരിഗണിക്കരുതെന്നു് ഇന്ത്യൻ സോഷ്യലിസ്റ്റു് നേതാവായ നാഥ്പൈ ലോകത്തെങ്ങുമുള്ള സോഷ്യലിസ്റ്റുകളോടു് അഭ്യർത്ഥിച്ചിരിക്കുന്നു.

സോഷ്യലിസത്തിന്റെ അടിസ്ഥാനം ദേശീയസ്വാതന്ത്ര്യമാണു്. ഏതെങ്കിലും രാഷ്ട്രത്തിന്റെ സ്വാതന്ത്ര്യത്തിനെതിരായിവരുന്ന ഏതെങ്കിലും ഭീഷണി സോഷ്യലിസ്റ്റിനെതിരായ ഒരു ഭീഷണിയായി പരിഗണിക്കണമെന്നും അദ്ദേഹം പറഞ്ഞു.

യങ്ങു് ഏഷ്യൻ സോഷ്യലിസ്റ്റു് ലീഡേഴ്സ് കോൺഫറൻസിൽ സംബന്ധിച്ച സംസാരിക്കുകയായിരുന്നു അദ്ദേഹം.

ഗോപാലറെഡ്ഡി ഐക്യകക്ഷി നേതാവു്

(പി ടി. ഐ.) ന്യൂഡൽഹി, മേ. 7

പാർലമെൻറിലെ കോൺഗ്രസ് പാർട്ടിയുടെ ഡെപ്യൂട്ടി നേതൃസ്ഥാനത്തേയ്ക്കു് മുൻ കേന്ദ്രമന്ത്രി മി: ഗോപാലറെഡ്ഡിയുടെ പേർ നിർദ്ദേശിക്കപ്പെട്ടതായാണെന്നു് അറിവായിരിക്കുന്നു.

പാർട്ടി ഭാരവാഹികളുടെയും എക്സിക്യൂട്ടീവു് കമ്മറ്റി അംഗങ്ങളുടെയും വിശിഷ്ടതീരുമാനപ്പെടുപ്പു് മേയ് 10-ാംതീയതി നടക്കും.

ലോക്സഭയിൽനിന്നും രാജ്യസഭയിൽനിന്നും കാരോ ഡെപ്യൂട്ടി നേതാക്കന്മാർ തിരഞ്ഞെടുക്കപ്പെട്ടിട്ടുണ്ടു്.

ജനങ്ങളെ ഒരുക്കി നിർത്താൻ പ്രവർത്തനം കേന്ദ്രീകരിക്കുക

പി ടി ഐ ന്യൂഡൽഹി, മേ. 7

നമ്മുടെ രാജ്യത്തിനെതിരായി വരുന്ന ഏതാക്രമണത്തേയും നേരിടുന്നതിനു് ജനങ്ങളെ തയ്യാറെടുപ്പിക്കുന്നതിനായി തങ്ങളുടെ പ്രവർത്തനങ്ങൾ കേന്ദ്രീകരിക്കുവാൻ സന്നദ്ധസേവാസംഘടനകളോടു് കേന്ദ്രമന്ത്രി ശ്രീമതി ഇന്ദിരാഗാന്ധി ആഹ്വാനം ചെയ്തിരിക്കുന്നു.

സ്ഥലത്തെ റോട്ടറിക്ലബ്ബിന്റെ ഒരു യോഗത്തിൽ പങ്കെടുത്തുകൊണ്ടു് സംസാരിക്കുകയായിരുന്നു അവർ. ഒരു രാഷ്ട്രത്തിന്റെ അഖണ്ഡതയെ ഭീഷണിപ്പെടുത്തിക്കൊണ്ടിരിക്കുന്ന ഒരു സമയത്തു് രാജ്യത്തെ ഒന്നിച്ചുനിറുത്തുന്നതിനുള്ള ഘടകങ്ങളിൽ ഏറ്റവും പ്രധാനമായ യണ്ടു് ഐക്യവും അച്ചടക്കവും പരിപൂർണ്ണതയിൽനിന്നുവിഭിന്നമായ അന്തരീക്ഷവുമെന്നു് അവർ പറഞ്ഞു.

ലേബർ ഗവർമ്മെണ്ടു് ജീവന്മരണ സമരത്തിൽ

ഉരുക്കു ദേശസാല്കരണശ്രമത്തോടു് യാഥാസ്ഥിതികരുടെ ശക്തിയായ എതിർപ്പു്

ആഭ്യന്തരയുദ്ധത്തിൽ വിൽസൻ നേടി

(റോയിട്ടർ) ലണ്ടൻ മെയ് 7

ബ്രിട്ടനിലെ ഉരുക്കുവ്യവസായം ദേശസാൽക്കരിക്കണമെന്ന ഗവ. നിർദ്ദേശം നാലുവോട്ടിന്റെ ഭൂരിപക്ഷത്തോടെ കോമൺസഭ അംഗീകരിച്ചിരിക്കുന്നു.

ഇതു് ബ്രിട്ടനിലെ ഉരുക്കു വ്യവസായത്തിന്റെ ഭാവിയെ സംബന്ധിച്ച ഒരു വമ്പിച്ച പോരാട്ടത്തിന്റെ തുടക്കത്തെയാണു് കുറിക്കുന്നതു്. ഗവ. ഭാഗത്തുനിന്നും അവതരിപ്പിച്ച വെറുമൊരു ധവളപത്രത്തിന്മേലാണു് കടുത്ത വാദപ്രതിവാദത്തിനുശേഷം വോട്ടിങ്ങു് നടന്നതു്. ഇനി ഇതു സംബന്ധിച്ച യഥാർത്ഥ ബിൽ അവതരിപ്പിക്കപ്പെടുമ്പോൾ നടക്കാൻപോകുന്ന ആക്രമണത്തിന്റെ ഒരു നിഴൽമാത്രമായിരുന്നു ഇന്നലെ ജനപ്രതിനിധിസഭയിൽ നടന്ന വാഗ്വാദവും വോട്ടെടുപ്പും.

1950_51 ൽ ആറ്ലി ഗവണ്മെണ്ടു് ബ്രിട്ടന്റെ ഭരണസാരഥ്യം വഹിക്കുന്ന കാലത്തു് ഗവണ്മെണ്ടു് നിലംപതിക്കാതിരിക്കാൻ രോഗികളായ പാർലമെൻറംഗങ്ങളെ ആംബുലൻസ് വാനുകളിലും വീൽചെയറുകളിലും കൊണ്ടുവന്നു വോട്ടുചെയ്യിപ്പിച്ചിരുന്ന കഥ അനുസ്മരിച്ചുകൊണ്ടു്, അതുതന്നെയാണു് ഞങ്ങളും ചെയ്യാൻ പോകുന്നതെന്നു് യാഥാസ്ഥിതികകക്ഷിയിലെ ഉരുക്കുവ്യവസായ വക്താവായ മി. ഇവാൻ മാക്ലിയോഡു് പ്രസ്താവിച്ചു.

രോഗികളായ ചില എം. പി. മാർ ഇന്നലെ അവരുടെ ദീനക്കിടക്കകളിൽനിന്നും ജനപ്രതിനിധിസഭയിൽ എത്തി വോട്ടു രേഖപ്പെടുത്തുകയുണ്ടായി. ഉരുക്കുവ്യവസായം ദേശസാൽക്കരിക്കുന്നതുസംബന്ധിച്ച വെറുമൊരു ഔദ്യോഗികരേഖ (ധവളപത്രം) യിന്മേൽ നടന്ന ചർച്ചയും വോട്ടെടുപ്പുമാണു് ഇന്നലെയുണ്ടായതെങ്കിലും യഥാർത്ഥ ബിൽ അവതരിപ്പിക്കുമ്പോൾ രംഗം എത്രകണ്ടു് സംഘർഷാത്മകമാകുമെന്നു് മുൻകൂട്ടിപ്പറയാൻ ഈ സംഭവം സഹായിച്ചു. ബില്ലു് പരാജയപ്പെട്ടാൽ ലേബർ ഗവണ്മെണ്ടു് രാജിവെയ്ക്കുവാൻ നിർബ്ബന്ധിക്കപ്പെടും.

വിൽസന്റെ നില കൂടുതൽ പരുങ്ങലിലാകാൻ മറ്റൊരു സംഭവവും ഇന്നലെയുണ്ടായി. ബെർമിങ്ങാമിലെ ഹാരൊഗ്രീൻ നിയോജകമണ്ഡലത്തിൽ നടന്ന ഉപതിരഞ്ഞെടുപ്പിൽ യഥാസ്ഥിതികകക്ഷി സ്ഥാനാർത്ഥി വിജയിച്ചു. ഇതോടെ ലേബർ ഗവണ്മെണ്ടിന്റെ ഭൂരിപക്ഷം വെറും മൂന്നായി കുറഞ്ഞിരിക്കയാണു്.

ഭരണഘടന കത്തിച്ചതിനു് കഠിനതടവു്

[പി. ടി. ഐ.] തഞ്ചാവൂർ മേ. 7

കഴിഞ്ഞ ഏപ്രിൽ 13-നു് ഇന്ത്യൻ ഭരണഘടനയിലെ ഭാഷയെ സംബന്ധിക്കുന്ന അദ്ധ്യായം കത്തിച്ചുകളഞ്ഞവനെ ചാജ്ജിനൽ മാഗിസ്ട്രേട്ട് (30) എന്ന യുവാവിനെ ആറുമാസത്തെ കഠിനതടവിനു് ശിക്ഷിച്ചുകൊണ്ടു് സബ് ഡിവിഷണൽ മജിസ്ട്രേട്ട് വിധി പ്രസ്താവിച്ചിരിക്കുന്നു.

അയൂബ്-ഹീലൻ സംഭാഷണം

(പി ടി ഐ) കറാച്ചി മേ. 6

അമേരിക്കൻ സൈനിക സഹായ ഗ്രൂപ്പിന്റെ മേധാവിയായ മേജർ ജനറൽ ജോജ്ജ് ഹീലനെ, പ്രസിഡണ്ടു് അയൂബ്ഖാൻ സ്വീകരിച്ച സംഭാഷണം നടത്തിയിരിക്കുന്നതായി ഒരു ഔദ്യോഗിക അറിയിപ്പിൽ പറയുന്നു.

അമേരിക്കൻ അമ്പാസിഡർ മി. വാൾട്ടർ മക്നാഖിയും പ്രസിഡണ്ടും തമ്മിൽ നടന്ന അനൗപചാരിക സംഭാഷണത്തെ തുടർന്നാണു് ഈ കൂടിക്കാഴ്ച എന്നു് വിശ്വസിക്കപ്പെടുന്നു. പാകിസ്ഥാനികൾ റാൺ ഓഫ് കച്ചിൽ അമേരിക്കൻ ആയുധങ്ങൾ ഉപയോഗിച്ചുവെന്ന ഇന്ത്യൻ റിപ്പോർട്ടുകളെപ്പറ്റി അവർ ചർച്ചചെയ്തു.

മി. ഹീലനുമായി നടത്തിയ കൂടിക്കാഴ്ചക്കുശേഷം ഒരു പ്രസ്താവനപോലും പുറപ്പെടുവിച്ചിട്ടില്ല.

....

അലിഗർ മുസ്ലീംയൂണിവേഴ്സിറ്റി കഴപ്പം

രജിസ്ട്രാറെ അവധിക്കു വിടുന്നു

പി ടി ഐ അലിഗർ, മേ. 7

ഉടനടി അടുധിയിൽ പ്രവേശിക്കുവാൻ അലിഗർ മുസ്ലീം യൂണിവേഴ്സിറ്റിയിലെ രജിസ്ട്രാറോടു് ആവശ്യപ്പെട്ടിരിക്കുന്നതായറിയുന്നു. യൂണിവേഴ്സിറ്റിയിലെ എഞ്ചിനീയറിംഗ് കോളേജു് പ്രിൻസിപ്പാളും പ്രൊ: സൈയ്ദീൻ അഹമ്മതിനോടു് രജിസ്ട്രാറിൽനിന്നും ചാർജ്ജേറ്റെടുക്കുവാനും ആവശ്യപ്പെട്ടിട്ടുണ്ടു് വൈസ് ചാൻസലറാണു് ഈ ഉത്തരവു് പുറപ്പെടുവിച്ചിരിക്കുന്നതു്. പ്രൊ. വൈസ് ചാൻസലർ ഈ വിവരം ബന്ധപ്പെട്ടവരെ അറിയിച്ചു. യൂണിവേഴ്സിറ്റി പരിസരത്തെ ആസ്ഥാനത്തെ ബ്രാഞ്ചുസംരക്ഷിക്കുന്നതിനായി 2 കമ്പനി സായുധപോലീസിനെ നിർത്തിയിട്ടുണ്ടു്.

....

ഈഗിൾ മാർക്കു്

സൂര്യ മാർക്കു്

കിളി മാർക്കു്

മാൻ മാർക്കു്

എന്നീ ശീലകുടകൾക്കു്

E.P. DEVASSY
MUNICIPAL OFFICE ROAD: TRICHUR.

പൂരം!! പുതുമയുള്ള ജ്യൊളിതരങ്ങളുടെ പൂരം

കല്യാണസാരികളും — കസവുകവണികളും
സാംസൺസ് റെഡിമെയ്ഡ് ഡ്രസ്സുകളും
— എന്നിവകൾക്കും മറ്റാരില്ലാ തുണിത്തരങ്ങൾക്കും —

പോൾ ലാസർ ആട്ടോക്കാരൻ

റൌണ്ടു് സൌത്തു് — തൃശൂർ

കാത്തലിക് സിറിയൻ ബാങ്ക് എംപ്ലോയീസ് യൂണിയന്റെ (രജിസ്റ്റേഡ്)

★ പ്രഥമ വാർഷിക സമ്മേളനം ★

1965 മെയ് 8, 9 തീയതികളിൽ തൃശൂരിൽ വെച്ചു് നടത്തപ്പെടുന്നു.

★ പൊതുസമ്മേളനം ★

ഇന്നു് ഉച്ചതിരിഞ്ഞു് കൃത്യം 4_30ന്

തൃശൂർ ടൌൺഹാളിൽ വെച്ചു്

ഉൽഘാടകൻ:
പ്രൊഫസർ ജോസഫ് മുണ്ടശ്ശേരി
(മുൻ വിദ്യാഭ്യാസമന്ത്രി)

അദ്ധ്യക്ഷൻ:
ശ്രീ. പി. എം. മൈതീൻ
(അഖിലകേരള ബാങ്ക് എംപ്ലോയീസ് ഫെഡറേഷൻ എറണാകുളം ജില്ലാ ചെയർമാൻ)

പ്രാസംഗികർ:
1. ശ്രീ: കെ ടി. അച്ചുതൻ [മുൻ തൊഴിൽകാര്യമന്ത്രി]
2. ശ്രീ: ടി. സി. എൻ. മേനോൻ [മുൻ ലോകസഭാംഗം]

യോഗത്തിൽ പ്രമുഖ ട്രേഡ്യൂണിയൻ നേതാക്കൾ സംബന്ധിക്കുന്നതാണു്.

കാജാ ബീഡി

പൊതുജനങ്ങൾ ഏറ്റവും നല്ലവയെന്നു് അഭിപ്രായപ്പെട്ടു് സ്വീകരിച്ചു് മൂല്യകരം നേടിയിരിക്കുന്ന കാജാ ബീഡി

കാലാവസ്ഥാ വ്യത്യാസമില്ലാതെ എന്നും ഒരേ സ്വാദിലും കടുപ്പത്തിലും ലഭിക്കുന്നു

WELCOME TO TRICHUR

To see "POORAM"

the momentous National Festival

Fashion Fabrics

TRICHUR

കേരളശബ്ദം

പ്രസ്സ് ഫോണ് 90
ടെലഫോൺ 125

1965 മേയ് 8-ാംതീ- ശനി

നെല്ലുലെവി

.....

കേരളത്തിലെ ക്ഷാമനിലയെപ്പറ്റി ഇതിനു മുമ്പ് പല തവണ ഞങ്ങൾ പറഞ്ഞിട്ടുള്ളതാണ്. ഭക്ഷ്യധാന്യങ്ങളുടെ കാര്യത്തിൽ, ഒരു കമ്മിസംസ്ഥാനമായ കേരളത്തിലെ ജനങ്ങൾ രണ്ടുതരത്തിലാണ് കഷ്ടപ്പെടുന്നത്. ഒന്ന് ആവശ്യത്തിനുള്ള സാധനങ്ങൾ വാങ്ങാൻ കിട്ടുന്നില്ല. രണ്ടാമത്, ഭാഗികമായിട്ടാണെങ്കിലും കിട്ടുന്ന ധാന്യങ്ങൾക്ക് അമിതമായ വില കൊടുക്കേണ്ടിവരുന്നു. ഈ നിലയ്ക്കു വ്യത്യാസംവരുത്തി, ജനങ്ങളുടെ പ്രയാസം എങ്ങിനെ ഭേദീകരിക്കാമെന്ന് ആലോചിക്കുമ്പോഴാണ്, വർദ്ധിപ്പിച്ച തോതിലുള്ള സ്റ്റാറ്റ്യൂട്ടറി റേഷനിംഗ് മാത്രമാണ് അതിനുള്ള പോംവഴി എന്നു കാണുന്നത്. ഏതെങ്കിലും വിതൃംപയോഗ സാധനങ്ങളുടെ ഉൽപ്പാദനം, ജനങ്ങളുടെ ആവശ്യത്തിനു തികയാതെ വരുമ്പോൾ, റേഷനിംഗ് വർദ്ധിക്കുകയായി. കമ്പോളത്തിൽ വർദ്ധിക്കുമ്പോൾ വിലകൂടുന്നു. ഒരു പ്രത്യേക സാധനത്തിനു വില വർദ്ധിക്കുമ്പോൾ, സമീപകാലത്ത് കമ്പോളത്തിൽ അതു വർദ്ധിച്ചതോതിൽ പ്രത്യക്ഷമായിട്ടില്ലെന്നു കാണുന്ന വ്യാപാരികളെ പൂട്ടിവെക്കാൻ ഇടയുണ്ടാക്കുന്നു. അപ്പോൾ വീണ്ടും വില വർദ്ധിക്കുകയായി കമ്പോളത്തിൽ സാധാരണ അനുഭവപ്പെടാറുള്ള ഒരു 'വിഷമവൃത്ത'മാണിത്. ക്ഷാമസാധനങ്ങളുടെ കാര്യത്തിൽ ഈ നില വന്നാൽ, സൈരമായ പ്രവർത്തനം തകരാറിലാകും. വിശന്നു വലയുന്ന ജനത, നിയമത്തിന്റെ നാലതിരുകളെയും മറികടന്നുപോയി എന്നും വന്നേക്കാം. അത്തരത്തിലുള്ള ഒരു പരിസ്ഥിതി സംജാതമാകാതിരിക്കാൻ നീതിബോധവും, സമാധാനപരമായ ജീവിതത്തിലാഗ്രഹവുമുള്ള എല്ലാ മനുഷ്യരും ആഗ്രഹിക്കും. ജനങ്ങളുടെ ഈ ആവശ്യം പ്രയോഗത്തിൽ കൊണ്ടുവരേണ്ടതു സർക്കാരിന്റെ കടമയാണല്ലോ. സർക്കാർ ഇതെങ്ങനെയാണ് നടപ്പാക്കേണ്ടത്?

ഭാരതത്തിലെ, വിദേശനാണ്യസമ്പാദനത്തിൽ, മറ്റേതൊരു സംസ്ഥാനത്തേക്കാളും പിന്നിലല്ലാത്ത കേരളത്തിലെ ഭക്ഷ്യക്കമ്മി നികത്താൻ വേണ്ടുവോളം അരി ഈ പ്രദേശത്തുനിന്നും വരുത്താൻ വേണ്ട കൂമികരണങ്ങൾ ചേന്നും ചെയ്യുന്നതാണെന്നൊരു നിർദ്ദേശം ചില കേന്ദ്രങ്ങളും ഉന്നയിക്കുന്നുണ്ട്. ഒരു രാഷ്ട്രം അതിലെ ജനങ്ങളുടെ ആഹാരപ്രശ്നപരിഹാരത്തിന് എന്നും വിദേശരാജ്യങ്ങളെ ആശ്രയിക്കുന്നത് ന്യായീകരിക്കാനാവുന്നതാണെന്നുള്ളതിനാൽ, ശാശ്വതമായി ഇറക്കുമതിയെക്കാനാവുന്നതാണ്. എന്നിരുന്നാലും, പൂഴ്ത്തിവെപ്പുകാരും കൊള്ളലാഭക്കാരും, 'കണ്ണിൽച്ചോരയില്ലാത്ത' ജനങ്ങളെ ഇട്ടു നട്ടംതിരിക്കുമ്പോൾ, ആ സാമൂഹ്യദ്രോഹികൾക്കു നിയന്ത്രിക്കാൻ കഴിവില്ലാത്ത കർക്കശനടപടി, ജനങ്ങൾക്കു താല്ക്കാലിക ആശ്വാസം നൽകുന്നതിനും, പൂഴ്ത്തിവെപ്പുകാരെ പരാജയപ്പെടുത്തുന്നതിനുംവേണ്ടി, ഒരു അടിയന്തിരനടപടി എന്ന നിലയിൽ ഈ കാര്യത്തിലെക്കുറിച്ചെങ്കിലും ആലോചിക്കുന്നതിൽ വലിയ തെറ്റില്ലെന്നാണ് ഞങ്ങൾ കരുതുന്നത്.

ഭക്ഷ്യപ്രശ്നത്തിന് ശാശ്വതമായ പരിഹാരം കാണുന്നതിനു, നമ്മുടെ നാട്ടിൽത്തന്നെയുള്ള ഉല്പാദനം വർദ്ധിപ്പിക്കുകയും, വിതരണം ക്രമീകരിക്കുകയും ചെയ്യുകയാണല്ലോ വേണ്ടത്. ശാസ്ത്രീയമായ കൃഷിസമ്പ്രദായങ്ങൾ സ്വീകരിച്ചും മെച്ചപ്പെട്ട വളങ്ങൾ ഉപയോഗിച്ചും തരിശുഭൂമികൾ കൃഷിക്കുപയുക്തമാക്കിയും അതു സാധിക്കേണ്ടതാണ്. ഗവണ്മെന്റ് പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിൽ ഈ മൗലികമായ പരിഗണനയ്ക്കു മുൻതൂക്കം നൽകുന്നതിനെപ്പറ്റി ഞങ്ങൾ പലപ്പോഴും എഴുതിയിട്ടുണ്ടെങ്കിലും പ്രത്യേകിച്ചു ഫലമൊന്നും കാണുന്നില്ല. രാഷ്ട്രീയകാരണങ്ങൾകൊണ്ടായിരിക്കാം, ഈ പ്രധാനകാര്യത്തിൽ ഗവണ്മെന്റിനു ശ്രദ്ധ കേന്ദ്രീകരിക്കാൻ കഴിയുന്നില്ല. ഈ നിലയ്ക്കു മാറ്റമുണ്ടാകുന്നതിനുവേണ്ടി, ഇനിയും ഞങ്ങൾക്കു പറയേണ്ടിവരുന്നതാണ്.

ജനങ്ങളുടെ ആവശ്യത്തെ ഉപയോഗത്തിനു മതിയാകുമെന്നാണു കണക്കാക്കപ്പെടുന്നതു. പാലക്കാട്, ജില്ലയിലും കുട്ടനാടൻ കായൽപ്രദേശങ്ങളിലുമാണ് കേരളത്തിലെ നെല്ല് കൂടുതലും വിളയുന്നതു. വളരെ ചുരുക്കം കൃഷിക്കാരാണ് ഈ രംഗം നിയന്ത്രിക്കുന്നതു. കർഷകർ അവരുടെ ഉല്പാദനത്തിൽ ഒരംശം, ഗവണ്മെന്റ് നിർദ്ദേശിക്കുന്ന സ്ഥലത്തു് ഏല്പിച്ചുകൊടുക്കണമെന്നു് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഓരോ കൃഷിക്കാരന്റെയും, വിളവിന്റെ നിരക്കും കണക്കാക്കിയാണ് ലെവി (ഗവണ്മെന്റിനെ ഏല്പിക്കേണ്ടതു്) നിശ്ചയിച്ചിരിക്കുന്നതു്. എന്നാൽ കുട്ടനാടൻ കൃഷിക്കാർ ആ നെല്ലു് ലെവി അടയ്ക്കുന്നതിൽ വൈമുഖ്യം പ്രകടിപ്പിച്ചതിനാൽ കർശനമായ നടപടികളും നടത്താൻ ഗവണ്മെന്റ് നിർബന്ധിതമായിരിക്കയാണ്. നേരത്തെ നിർദ്ദേശിച്ചിരുന്ന തോതു്, അനീതിപരമാണെന്ന ആക്ഷേപത്തെത്തുടർന്നു്, കുട്ടനാടൻ കർഷകരുടെ സംഘടനയുമായി ആലോചിച്ചു് മുൻതീരുമാനത്തിൽ ചില അയവുവരുത്താൻ സർക്കാർ തയ്യാറായി. കൃഷിക്കാർക്കു് അനുകൂലമായ തീരുമാനമാണെന്നുള്ള നിലയ്ക്കാണു് അവരുടെ സംഘടന അതു് അംഗീകരിച്ചതു്. എന്നിട്ടും കർഷകർ ലെവി അടയ്ക്കുവാൻ കൂട്ടാക്കാതെ, നെല്ലു് കരിഞ്ചന്തയിൽ വിറ്റുകാണുന്നതിനുവേണ്ടി കാത്തിരിക്കയാണു്. സക്കാർ ഇത്തരം നടപടികളെ നിയമത്തിന്റെ ബലിമുഖസ്തംഭങ്ങളുപയോഗിച്ചു നേരിടണമെന്നാണു് ഞങ്ങൾക്കു പറയാനുള്ളതു്.

സന്ദർഭത്തിനൊത്തുയരാനും വിശാലമായി ചിന്തിക്കാനും, അമിതമായ ലാഭം വേണ്ടെന്നുവയ്ക്കാനും തയ്യാറാവാത്തവരെ ഉപദേശംകൊണ്ടു നേരെയാക്കാനാവില്ലെന്നു നാം തിരിച്ചറിയുകയാണു് ഇപ്പോൾ വേണ്ടതു്. ലോകമഹായുദ്ധകാലത്തു് ഇംഗ്ലീഷുകാരുടെ ഒരു നടപടി ഞങ്ങൾ എടുത്തുപറയുകയാണു്. ഒരു ദിവസം സമരരംഗത്തുള്ള പട്ടാളക്കാർക്കു പഞ്ചസാര എത്തിക്കാൻ കഴിയാതെ വന്നതിനാൽ, ഓരോ വീട്ടിലുമുള്ള പഞ്ചസാര തിരിച്ചു്ഡിപ്പോകളിൽ ഏല്പിക്കണമെന്നു് പ്രധാനമന്ത്രി മി. ചർച്ചിൽ ആഹ്വാനംചെയ്തു. ആ വിവരം അറിഞ്ഞ നിമിഷം മുതൽ കടലാസ്സിൽ പഞ്ചസാരപ്പൊതിയുമായി ഡിപ്പോകളുടെ മുമ്പിൽ ജനങ്ങൾ 'ക്യൂ' നിന്നു. ആ മാതൃക, ലെവി കൊടുക്കാൻ വിസമ്മതം പ്രകടിപ്പിക്കുന്നവരും, അവർക്കു നൃായീകരണം നൽകുന്നവരും കണ്ടുപഠിച്ചിരുന്നെങ്കിലെന്നു് ഞങ്ങളാശിച്ചുപോകയാണു്.

സ്വമനസ്സാ ജനങ്ങളങ്ങനെ ചെയ്യുന്നില്ലെന്നു കണ്ടു് കയ്യുംകെട്ടിയിരിക്കാതെ, ബഹുഭൂരിപക്ഷത്തിന്റെ വിശപ്പടക്കാൻവേണ്ടി, ഏതാനും ചിലരുടെ അപ്രീതിയെ വകവെക്കാതെ ധീരമായ നടപടികൈക്കൊള്ളാൻ സർക്കാർ സന്നദ്ധമാകണമെന്നും, അതിനു് പ്രതിബന്ധം സൃഷ്ടിക്കാൻ ജനക്ഷേമത്തിൽ തല്പരരായുള്ളവർ മുന്നോട്ടുവരണമെന്നും ഞങ്ങളാഗ്രഹിപ്പുചുകൊള്ളുന്നു.

റേഡിയോ

മേയ് 8 ശനി
തിരുവനന്തപുരം,
കോഴിക്കോട്, തൃശ്ശൂർ,
454.5, 441.2, 517.2 മീറ്റർ.

കാലത്തു്

6-30 മംഗളവാദ്യം, സുഭാഷിതം
6-35 പരിപാടികളെപ്പറ്റിയുള്ള അറിയിപ്പുകൾ
6-40 വാർത്തകൾ ഇംഗ്ലീഷിൽ
6-45 ഭക്തിഗീതം
7-15 ഇന്നത്തെ ചിന്താവിഷയം
7-20 ഭക്തിഗീതം
7-30 വാർത്തകൾ മലയാളത്തിൽ
7-45 ഗാനപാഠം
8-00 വാർത്തകൾ ഇംഗ്ലീഷിൽ
8-15 വീണ
8-45 സമാപനം

ഉച്ചതിരിഞ്ഞു്

12-30 പ്രാദേശികവാർത്തകൾ
12-35 തൊഴിലാളിമണ്ഡലം
1-05 വാദ്യവൃന്ദം
1-20 വാർത്തകൾ മലയാളത്തിൽ
1-30 ചലച്ചിത്രഗാനങ്ങൾ
1-40 വാർത്തകൾ ഹിന്ദിയിൽ
1-50 സൃഗസംഗീതം
2-00 കാലാവസ്ഥാറിപ്പോർട്ട്
5-30 ശിശുലോകം
6-00 പ്രാദേശികവാർത്താവിശേഷങ്ങൾ
6-05 പ്രാദേശികവാർത്തകൾ
6-15 നാടൻപാട്ടുകൾ
7-00 മലയാളപ്രഭാഷണം
7-10 ചലച്ചിത്രഗാനങ്ങൾ
7-30 വാർത്തകൾ മലയാളത്തിൽ
7-45 നാടകാവിഷ്കരണം (വെളിച്ചത്തിന്റെ മരണം)
8-15 നാടോടിപ്പാട്ടുകൾ
8-30 റേഡിയോ ന്യൂസ്റീൽ
8-45 ഗാനമഞ്ജരി
8-55 ഇന്നത്തെ ചിന്താവിഷയം
9-00 വാർത്തകൾ ഇംഗ്ലീഷിൽ
9-15 ജഗത്ത്
9-30 ഡൽഹിനിലയം
1-00 വാർത്തകൾ ഇംഗ്ലീഷിൽ
1-05 സമാപനം

—

കടലമ്മയുടെ കലവറ

— പി. കുഞ്ഞിനാരായണൻ —

കടൽക്കുഴിയിൽനിന്നെടുത്ത പ്രോട്ടീൻ, എൻസൈമുകൾ, ചേരുവകൾ ഇവയെല്ലാം ചേർത്തു് ഗുളികയാക്കി, ചവച്ചുതിന്നാവുന്ന ടാബ്ലറ്റുകളാക്കി, ചവച്ചുതിന്നാവുന്ന ടാബ്ലറ്റുകളാക്കി, പൊതിഞ്ഞ ഭക്ഷ്യസാധനങ്ങളാക്കി 2000-മാണ്ടോടുകൂടി ലോകജനസംഖ്യയുടെ നാലിലൊന്നു വരുന്ന ജനങ്ങൾക്കു ഭക്ഷണം നൽകാൻ കഴിയുമെന്നാണ് ഒരു അമേരിക്കൻ ജീവശാസ്ത്രജ്ഞനായ ജെയിംസ് ബോണർ പ്രവചിച്ചിരിക്കുന്നു.

ഈ പ്രവചനം ഇന്നു് ഒരു സ്വപ്നമോ സിദ്ധാന്തമോ മാത്രമല്ല. ഗവേഷണംകൊണ്ടു്, പ്രത്യേകിച്ചും ഈ ദശകത്തിൽ, അതു് തെളിയിച്ചുകഴിഞ്ഞിരിക്കുന്ന സമുദ്രാന്തർഭാഗത്തിന്റെ പര്യവേക്ഷണം മറ്റൊരുതരം ശാസ്ത്രയോദ്യമത്തെക്കാളും സുനിശ്ചിതമായ ഫലം ഉടനടി നൽകുമെന്നുള്ള വിശ്വാസമാണ് ഇതിനു നിദാനം.

അത്തരമൊരു പര്യവേക്ഷണം ഇന്ത്യൻ മഹാസമുദ്രത്തിൽ നടന്നുവരുന്നുണ്ട്. നിശ്ശബ്ദമായ ഒരു വിപ്ലവംതന്നെ അവിടെ പുരോഗമിച്ചുകൊണ്ടിരിക്കുന്നു. ഇന്ത്യയും അമേരിക്കയും ഉൾപ്പെടെ 32 രാഷ്ട്രങ്ങളും ഈ 'സാമ്പ്രദേശിയ ഇന്ത്യൻ മഹാസമുദ്രപര്യവേക്ഷണ'ത്തിൽ പങ്കെടുക്കുന്നുണ്ട്. ഈ വർഷാവസാനത്തോടുകൂടി ഈ പരിപാടി സമാപിക്കുന്നതാണ്.

അറബിക്കടലും ബംഗാൾ ഉൾക്കടലും

ഇന്ത്യൻ മഹാസമുദ്രം പ്രത്യേകിച്ചും അറബിക്കടലും ബംഗാൾ ഉൾക്കടലും ഭക്ഷ്യോപയോഗയോഗ്യമായ കടൽക്കുള കളുടെയും മൽസ്യങ്ങളുടെയും അനേകം രസതന്ത്രങ്ങളാണെന്നു് വിശ്വസിക്കപ്പെടുന്നു.

ഐക്യരാഷ്ട്രവിദ്യാഭ്യാസ-ശാസ്ത്രീയ-സാംസ്കാരികസംഘടന (യുനെസ്കോ)യും ശാസ്ത്രീയ യൂണിയനുകളുടെ സാമ്പ്രദേശീയ കൗൺസിൽ എന്ന ഗവണ്മെന്റിതര സംഘടനയുടെ പ്രത്യേക കമ്മിറ്റിയും ചേർന്നാണ് ഈ പര്യവേക്ഷണം സംഘടിപ്പിച്ചതു്. ഈ കമ്മിറ്റിയുടെ ആസ്ഥാനം ഹേഗ് [ഹോളണ്ടു്] ആണു്. മഹാസമുദ്രങ്ങളിൽ ഏറ്റവും കുറച്ചു പര്യവേക്ഷണത്തിനു് വിധേയമായിട്ടുള്ളതു് ഇന്ത്യൻ മഹാസമുദ്രമാണു്. 1961 ലാണ് ഇന്ത്യൻ മഹാസമുദ്രപര്യവേക്ഷണപരിപാടിയാരംഭിച്ചതു്. ഈ സമുദ്രത്തിന്റെ വിസ്തീർണ്ണം 2.8 കോടി ചതുരശ്രമൈൽ-അതായതു് ഭൂഗോളത്തിന്റെ ഉപരിതലത്തിന്റെ ഏഴിലൊരുഭാഗം ആണു്. ലോകജനസംഖ്യയിൽ നാലിലൊരുഭാഗം ഈ മഹാസമുദ്രത്തെ ചുറ്റിയുള്ള രാജ്യങ്ങളിലാണു് അധിവസിക്കുന്നതു്.

രണ്ടാംലോകയുദ്ധത്തിനുമുമ്പു് (പല രാജ്യങ്ങളും, പ്രത്യേകിച്ചു് ജപ്പാൻ, കടൽക്കുളകം ഭക്ഷ്യമായി ഉപയോഗിക്കുന്നുണ്ടായിരുന്നുവെങ്കിലും) ഈ സമുദ്രത്തിന്റെ ഉപരിതലത്തിനടിയിൽ എന്തിരിക്കുന്നുവെന്നു് ആർക്കും തന്നെ അറിവുണ്ടായിരുന്നില്ല. ഈ സമുദ്രത്തിന്റെ ആഴം ശരാശരി 12,000 അടിയാണു്. ഏറ്റവും ആഴം കൂടിയ സ്ഥലം 36,198 അടിയാണു്. ഈ സമുദ്രത്തിന്റെ അടിത്തട്ടിൽ ഏതാണ്ടു് 1,000 അടിയോളം കനത്തിൽ ചെളിയും മണലും അടിഞ്ഞുകൂടിക്കിടക്കുന്നുണ്ടു്. ഈ ചെളിയിലും മണലിലും ധാരാളം ജീവികൾ വസിക്കുന്നുണ്ടു്. ഈ ജീവികളിൽ ഭൂരിഭാഗവും ഭക്ഷ്യയോഗ്യമാണു്. ലോകത്തിലാകെ ഭക്ഷണാവശ്യത്തിനു പിടിക്കുന്ന മത്സ്യം ഈ വിധത്തിൽ അഞ്ചുമടങ്ങു് എങ്കിലും വർദ്ധിപ്പിക്കാൻ കഴിയുമെന്നാണ് അമേരിക്കൻ വിദഗ്ദ്ധന്മാരുടെ വിശ്വാസം.

കാലാവസ്ഥാ പ്രവചനം

ഈ പര്യവേക്ഷണത്തിന്റെ വിജയകരമായ സംപൂർത്തി കാലാവസ്ഥാ പ്രവചനത്തിലും വളരെയധികം പുരോഗതി കൈവരുത്തുന്നതാണ്. ഇന്ത്യൻ കർഷകർക്കു് ഇതു വളരെ പ്രയോജനകരമായിരിക്കുമെന്നു മാത്രമല്ല, കടലാക്രമണം കൊണ്ടുണ്ടാകുന്ന ജീവധനനാശങ്ങളും കുറക്കാനും ഇതു സഹായകമാകും. ജലശാസ്ത്രം സുരക്ഷിതവും ത്വരിതവും കൂടുതൽലാഭകരവുമായിത്തീരുന്നതാണ്. അറേബ്യൻക്കിലും പസഫിക്കിലും ഇപ്പോൾ നടത്തിവരുന്നതുപോലുള്ള പര്യവേക്ഷണങ്ങൾ ഇന്ത്യൻ മഹാസമുദ്രത്തിലും നടത്തുന്നതിനുള്ള പദ്ധതികൾ ഇപ്പോൾ ആവിഷ്കരിച്ചുവരുന്നുണ്ടു്. ഈ പര്യവേക്ഷണത്തിൽ പങ്കെടുക്കുന്ന ഇന്ത്യക്കാരും അമേരിക്കക്കാരുമായ ശാസ്ത്രജ്ഞന്മാർ ഈ സമുദ്രത്തിലെ ആഴ്ചകൾ നീണ്ടുനിൽക്കുന്ന പര്യവേക്ഷണകാലത്തുതന്നെ സമീപദ്വീപുകളിലും മറ്റും ചെന്നു് ഭൂമിശാസ്ത്രപരമായ പഠനങ്ങൾ നടത്തുന്നതാണ്. ഈ പര്യവേക്ഷണത്തിൽ ഒരു മുഖ്യപങ്കാളിയായ അമേരിക്ക, ഈ പരിപാടിക്കുവേണ്ടി 11 ഗവേഷണക്കപ്പലുകൾ നൽകുകയുണ്ടായി. ഇതിനു് ആകെ ചെലവുവരുന്ന 1.35 കോടി ഡോളറിന്റെ [6.4 കോടി രൂപാ] പകുതിയോളം അമേരിക്ക വഹിക്കുകയുംചെയ്തു.

....★....

വരാത്ത കണ്ണുനീർ

കണ്ണൂർ-ഇവിടെ ഒരു കൊച്ചു മുസ്ലീം വീട്ടിന്റെ അകത്തുനിന്നും ഇപ്പോഴും കേൾക്കുന്നുണ്ടു് ആക്കേകേൾക്കാം. ഒരാളുടേതല്ല. ഒരു പാടാളുകളുടെ.

ആ വിങ്ങിപ്പൊട്ടലുകളിൽ അലിഞ്ഞുചേരുന്ന ഒരു ദയനീയ ശബ്ദം ആ രുടേയും ഹൃദയത്തിൽ തറച്ചുകയറാൻ പര്യാപ്തമാണു്, 'മോനെ അനേരം നിക്കാഹ്....' അതു മാത്രമേ ആ ശബ്ദം ഉയർന്നുകേൾപ്പുള്ളൂ. അപ്പോഴേക്കും ആ ശബ്ദം വിങ്ങിപ്പൊട്ടലുകൾക്കിടയിൽ ഞെരിഞ്ഞമരുകയാണ്. എങ്കിലും അതു് ഒരമ്മയുടെ തകർന്ന ഹൃദയത്തിന്റെ തേങ്ങലുകളാണെന്നു് അക്കം പെട്ടെന്നു് മനസ്സിലാക്കാം.

ആ കരച്ചിലിനിടെ പിന്നിൽ ഒരു കഥയുണ്ടു്. വേദനയിൽ കുതിർന്ന കഥ.

ഇസ്സയിൻ ഒരു ചെറുപ്പക്കാരനാണു് നിക്കാഹ് കഴിക്കാറായ ചെറുപ്പക്കാരൻ. ആ വീട്ടുകാർ അവന്റെ കല്യാണമാണു് കഴിച്ചുകൊണ്ടുവരുന്നതു്. ഇന്നുരാത്രി കൂട്ടുകാരുടെ കൂടെ കല്യാണത്തിനുള്ള ഒരുക്കങ്ങൾ നടത്തുകയായിരുന്നു ഇസ്സയിൻ. അവൻ ഉമ്മയെ ചോദിച്ചു നിലവിളിക്കുകയാണു്....''

ആ സാധുസ്ത്രീ ഇതു് കേട്ടുമാത്രയിൽ തളർന്നു നിലത്തുവീണു. അവരേയും മെടുത്തുകൊണ്ടു് ആശുപത്രിയിലേയ്ക്കോടി.

പക്ഷേ, ആ അമ്മ ആസ്പത്രിയിലെത്തുമ്പോഴേക്കു് ഇസയിൻ മരിച്ചു കഴിഞ്ഞിരുന്നു.

ആ ആലോചന മുടങ്ങുകയാണെങ്കിലും ഒരാളോ കാരണങ്ങളുമുണ്ടായിരുന്നു.

അവസാനം ഒരാലോചനവന്നു. ഇരുകുട്ടർക്കും ബോധിച്ചു. കല്യാണം നടത്താൻതന്നെ തീരുമാനിച്ചു.

കല്യാണനിശ്ചയത്തിനു് ദിവസം നിശ്ചയിച്ചു. ഇസയിന്റെ അമ്മ പ്രതീക്ഷയോടെ ഇരുപ്പാണു്. കല്യാണത്തിനുള്ള ഒരുക്കങ്ങളിൽ ഒരു ഭാഗത്തുനിന്നു് ആരംഭിച്ചിട്ടുണ്ടു്. കല്യാണനിശ്ചയകർമ്മത്തിൽ പങ്കെടുക്കാനുള്ള ആളുകളെയെല്ലാം അറിയിച്ചു കഴിഞ്ഞു. ആ വീടിന്റെ മുറ്റത്തു് സംപ്രീതി ഓളംവെട്ടുകയാണു്.

കല്യാണനിശ്ചയ ദിവസത്തിന്റെ തലേന്നു രാത്രിയായി. നാളെയെപ്പറ്റി ആലോചിച്ചു ഇസയിന്റെ ഉമ്മ കിനാവുകണ്ടു് ഇരുപ്പാണു്. നേരം വളരെ വൈകി. ''ചെക്കനെ എന്തേ കാണാത്തേ'' അവർ സ്വയം ശപിച്ചു.

അപ്പോഴതാ അയൽപ്പക്കത്തെ ഒരാൾ ഓടിക്കിതച്ചുവന്നു് പറയുന്നു ''ഇസയിനെ അങ്ങാടിയിൽവെച്ചു നടന്ന ഒരു കത്തിക്കുത്തിൽപെട്ടു് പരുക്കേറ്റു് ആസ്പത്രിയിലേയ്ക്കു കൊണ്ടുപോയിട്ടുണ്ടു്. അവൻ ഉമ്മയെ ചോദിച്ച നിലവിളിക്കുകയാണു്....''

ആ സാധുസ്ത്രീ ഇതു് കേട്ടമാത്രയിൽ തളർന്നു നിലത്തുവീണു. അവരേയും മെടുത്തുകൊണ്ടു് ആശുപത്രിയിലേയ്ക്കോടി.

പക്ഷേ, ആ അമ്മ ആസ്പത്രിയിലെത്തുമ്പോഴേക്കു് ഇസയിൻ മരിച്ചു കഴിഞ്ഞിരുന്നു.

ഡെൽഹിയിലെ നാഷനൽ ആർക്കീവ്സ്

ഭൂതകാലത്തിന്റെ ഓർമ്മകളും ഭാവിയുടെ സൃഷ്ടിയും

(കെ. ഡി. ഭാർഗ്ഗവ, ഡയറക്ടർ, നാഷനൽ ആർക്കീവ്സ്)

''ലോക പ്രശസ്തനായിരുന്ന രാജാറാം മോഹൻ റോയിപ്പോലും ഒരു മുസ്ലീം കാമുകിയും അവരിൽ ജനിച്ച ഒരു രഹസ്യ സന്തതിയുമുണ്ടായിരുന്നു.'' 1857ലെ ഇൻഡ്യൻ സ്വാതന്ത്ര്യസമരം യോദ്ധാക്കൾക്കും ബ്രിട്ടീഷ് ഗവർമെണ്ടിനെപ്പോലെ തന്നെ ഇടയിൽ മാധ്യസ്ഥം വഹിക്കണമെന്നുതോന്നിച്ചുകൊണ്ടു് പേഷ്വാനാനാ സാഹിബും നെപ്പോളിയനും ഒരു കത്തയച്ചിരുന്നു. ജയിലിൽനിന്നും തന്നെ മോചിപ്പിക്കുമെങ്കിൽ ഗവണ്മെന്റുമായി സഹകരിച്ചു പ്രവർത്തിക്കാമെന്നു് കമ്മ്യൂണിസ്റ്റ് പാർട്ടി ചെയർമാൻ ശ്രീ. എസ്. എ. ഡാങ്കേ ബ്രിട്ടീഷ് ഗവർമെൻറിനു് രഹസ്യമായിഉറപ്പു നൽകിയിരുന്നു.

വാർത്തുമൂലമുള്ള സുപ്രധാന സംഭവങ്ങളാണ് മേൽപ്പറഞ്ഞവയെല്ലാം. എന്നാൽ വർഷങ്ങൾക്കപ്പുറമുള്ള നടന്ന ഈ സംഭവങ്ങളുടെ സത്യാവസ്ഥ എങ്ങനെ തെളിയിക്കും? പഴയ ഏടുകൾ മറിച്ചുനോക്കുകയെന്നതു മാത്രമാണിതിനുള്ള പോംവഴി, ഇൻഡ്യൻ ദേശീയ പുരാവസ്തു ശേഖരണത്തിൽ (നാഷനൽ ആർക്കീവ്സ്)ഇങ്ങനെയുള്ള ഒട്ടേറെ വിലപ്പെട്ട രേഖകൾ ശേഖരിച്ചുവെച്ചിട്ടുണ്ടു്. ന്യൂഡൽഹിയിൽ രാജ്പഥും ജൻപഥും തമ്മിൽ യോജിക്കുന്ന സ്ഥലത്തു് തലയുയർത്തിനിൽക്കുന്ന നിറപ്പകിട്ടാന കൂറൻ കെട്ടിടത്തിലാണ് ഇവയെല്ലാം ശേഖരിച്ചു് വെച്ചിരിക്കുന്നതു്. കല്ലുപാകുന്ന പ്രതിഅടുക്കുവച്ചിരിക്കുന്ന ഉരുക്കു ഷെൽഫുകളുടെ മാത്രം ദൈർഘ്യം 16മൈലോളം വരുമെന്നാണ് കണക്കാക്കപ്പെട്ടിരിക്കുന്നതു്.

ഒരു വ്യക്തിക്കു് ഓമ്പശക്തി എത്രമാത്രം പ്രധാനമാണോ അതുപോലെ പ്രധാനമാണു് രാഷ്ട്രത്തെ സംബന്ധിച്ചിടത്തോളം പുരാതന രേഖകളുടെ സംരക്ഷണകേന്ദ്രം. രാജ്യത്തിന്റെ അതാതു കാലത്തെ പ്രവർത്തനങ്ങളുടെ സത്യസന്ധമായ ഒരു പ്രതിഫലനമായിരിക്കും അവ. 1,03,625 ബയൻഡുചെയ്ത വാല്യങ്ങളും 5,11,300 ബയൻഡുചെയ്ത തപ്രമാണങ്ങളുമടുപ്പെടെ13 കോടി താളുകളാണ് ന്യൂഡൽഹിയിലെ ഈ കേന്ദ്രത്തിലുണ്ടെന്നു പറയുമ്പോൾ അതിന്റെ വൈപുല്യം എത്രമാത്രമാണെന്നു് ഹിക്കാവുന്നതാണ്. കൈകൊണ്ടു് വരച്ചതും പ്രിന്റു ചെയ്തുമായ ആയിരക്കണക്കിനു് ചിത്രങ്ങളും ഇവിടെ ശേഖരിച്ചിട്ടുണ്ടു്.

ഈസ്റ്റിൻഡ്യ കമ്പനിയുടെ കാലത്തെ കേന്ദ്രപ്രമാണങ്ങളും ഇവിടെ ശേഖരിച്ചിട്ടുണ്ടു്. ഒരു പക്ഷേ ലോകത്തിലെ ഏറ്റവും വലിയ ചരിത്രരേഖകളായിരിക്കും ഇവയെന്നു് ഗ്രാൻഡ് ഡാഫ് എന്ന പണ്ഡിതൻ പ്രസ്താവിച്ചിട്ടുണ്ടു്. 1707-നും 1748നുമിടയ്ക്കുള്ള ചില രേഖകളും കണ്ടെടുക്കാൻ കഴിഞ്ഞിട്ടുണ്ടു്.

വിദേശനയം, സാമ്പത്തികനില, തുടങ്ങിയവയെ സംബന്ധിച്ചു് ഒട്ടേറെ വസ്തുതകളും ഈ പുരാതന രേഖകളിൽപ്പെടുമെങ്കിലും അവയൊക്കെ അതാതു വിഷയങ്ങളുടെ അടിസ്ഥാനത്തിൽ ഒരു ലൈബ്രറിയിലെപ്പോലെ തരംതിരിച്ചു വച്ചിരിക്കയല്ല ചെയ്തിരിക്കുന്നതു്. നേരേമറിച്ചു് ഈ രേഖകളെ ഏതു സ്ഥാപനത്തിൽനിന്നു ലഭിച്ചിരിക്കുന്നു എന്ന അടിസ്ഥാനത്തിലാണ് ഇവ ശേഖരിച്ചു വച്ചിരിക്കുന്നതു്, പുറത്തുപോയി രേഖകൾ ശേഖരിക്കുന്ന പതിവു് ഈ സ്ഥാപനത്തിനില്ല. വിവിധ ഗവണ്മെൻറ് എജൻസികളം നൽകുന്ന രേഖകളം സൂക്ഷിച്ചുവയ്ക്കുകയും ആവശ്യപ്പെടുമ്പോൾ കാണിച്ചുകൊടുക്കുകയുമാണ് ഇവിടെ ചെയ്യുന്നതു്. ആധുനിക രീതിയിലാണ് ഇവയെല്ലാം കേട് സംഭവിക്കാതെ സൂക്ഷിച്ചുവെച്ചിരിക്കുന്നതു്.

പ്രസ്തുത രേഖകളം, വിദ്യാഭ്യാസരേഖകളം, ഭാഷാപരവും രാഷ്ട്രീയവുമായ രേഖകളം തുടങ്ങി ആ വിഭാഗങ്ങളിലായിട്ടാണ് പ്രമാണങ്ങളം ശേഖരിച്ചുവെയ്ക്കുന്നതു്. മദ്ധ്യേഷ്യ, പശ്ചിമേഷ്യ ഇൻഡൊനേഷ്യ എന്നീ അയൽരാജ്യങ്ങളെ സംബന്ധിക്കുന്ന വളരെ രസകരമായ പല വസ്തുതകളും ഇവിടെ കാണാൻ കഴിയും

മദ്ധ്യധരണ്യാഴി പ്രദേശങ്ങളുമായുള്ള എഴുത്തുകുത്തുകളം മിക്കവയും പേർഷ്യൻ ഭാഷയിലാണ്. എന്നാൽ സംസ്കൃതം, ഹിന്ദി, തമിഴ്, തെലുങ്ക്, മറാത്തി, ഒറിയ, ബംഗാളി, പഞ്ചാബി, ബർമ്മീസ്, അറബിക്ക്, ചൈനീസ്, സയാമീസ്, റിബറിൻ എന്നീ ഭാഷകളിലുള്ള പല എഴുത്തുകളും അവയുടെ കൂട്ടത്തിൽകണാൻ കഴിയും. ബ്രിട്ടീഷ്കാർ ഇൻഡ്യ വിട്ടതിനുശേഷം നാട്ടുരാജ്യങ്ങളിലുണ്ടായിരുന്ന എല്ലാ എഴുത്തുകുത്തുകളം ഇവിടെക്ക നിക്കംചെയ്യുവെങ്കിലും ചില സുപ്രധാന ബ്രിട്ടീഷ് രേഖകം നഷ്ടപ്പെട്ടുപോയിട്ടുണ്ടു്, ഇന്ത്യ വിഭാഗിച്ചുമുമ

അലിഗാറിലെ കൊലവിളികളുടെ പിന്നിൽ

ന്യൂഡൽഹി, മേയ് 6

അലീഗർ മുസ്ലീംസർവ്വകലാശാലയിൽ ഇയ്യിടെ നടന്ന സംഭവങ്ങളും പാർലിമെണ്ടിന്നകത്തും പുറത്തും ധാരാളം ഒച്ചപ്പാടുകളുണ്ടാക്കിയിട്ടുണ്ട്. ആരെന്തുചെറഞ്ഞാലും ഇന്ത്യയുടെ ഒരു നയതന്ത്ര പ്രതിനിധിയായിരുന്ന അലിയാവർ ജങ്ങിന്റെ നയതന്ത്രമില്ലായ്മയാണ് അലീഗറിൽ നടന്ന അനിഷ്ടസംഭവത്തിന്റെ ഏറ്റവും വലിയ കാരണം. കമ്മ്യൂണിസ്റ്റുകാരും കമ്മ്യൂണലിസ്റ്റുകളും (വർഗ്ഗീയവാദികളും) കൂടിയാണ് കഴപ്പുണ്ടാക്കിയതു് എന്നതിനു ''ഓർഗനൈസറിലെ''യും ''ന്യൂഏജി''ലേയും റിപ്പോർട്ടുകളുടെ സ്വരസാദൃശ്യംതന്നെ തെളിവാണ്. വി. സി. (വൈസ് ചാൻസലർ) അവന്റെ കയ്യിൽ ഒരായുധം മാത്രമായിത്തീർന്നു.

എന്നാൽ വികാരഭരിതരായ വിദ്യാർത്ഥികളും വിവേകംവെടിഞ്ഞ വി. സി. യുടെ മേൽ നടത്തിയ കയ്യേറ്റവും അതുവഴി അവർ അലീഗറിനു വരുത്തിയ ദുഷ്പേരും ഈ ലേഖകൻ ഒരിക്കലും ന്യായീകരിക്കയില്ല.

ഒരു യഥാർത്ഥ ചിത്രം കിട്ടുന്നതിനു വേണ്ടി നമുക്കല്പം പിന്നോക്കംപോകാം. അലീഗറിലെ ടെക്നിക്കൽ കോളേജുകളിലെ സീറ്റുകളെച്ചൊല്ലിയാണ് വഴക്കാരംഭിച്ചതു്. 65 ശ. മാ. സീറ്റുകളാണ് അലീഗറിയൻനിന്നും (ജാതിമതഭേദം കൂടാതെ) 35 ശ. മാ. അലീഗർ ടെക്നിക്കൽ കോളേജിലേയും മറ്റും സാധാരണ വിദ്യാർത്ഥികൾക്കും റിസർവ്വുചെയ്ത വെച്ചിരുന്നതത്രെ. പിന്നീട് ബദ്ദറുദ്ദീൻ തയ്യബ്ജി അതു മാറ്റി 75 ശ. മാ. അലീഗറിയൻസിനും 25 ശ. മാ. മറ്റുള്ളവർക്കുമാക്കിവെച്ചു. ഒരു പ്രക്ഷോഭത്തെത്തുടർന്നാണ് തയ്യബ്ജി ഇതു ചെയ്യുന്നത്.

തയ്യബ്ജിയെത്തുടർന്ന് അലിയാവർ ജങ്ങ് വൈസ് ചാൻസലറായി. ആ കെ ഒരു മാസം മാത്രമേ അദ്ദേഹം അലീഗറിലുണ്ടായിട്ടുള്ളു. പക്ഷേ സാങ്കേതിക വിദ്യാലയങ്ങളിലെ പ്രവേശനത്തോതു് 50:50 ആക്കാൻ അദ്ദേഹത്തിനു വലിയ ബദ്ധപ്പാടായി. അക്കാഡമിക്ക് കൗൺസിൽ അദ്ദേഹത്തിനു കൂട്ടുനിന്നു. ഈ കാര്യത്തിൽ അലീഗറിലെ ജാതിമതഭേദമെന്യേയുള്ള മുഴുവൻ വിദ്യാർത്ഥികളും ഒരുപക്ഷക്കാരാണ്. എന്നാൽ പുറത്തുള്ള ജനസംഘക്കാരും സ്റ്റാഫിലുള്ള കമ്യൂണിസ്റ്റുകാരും വൈസ് ചാൻസലറുടെ പക്ഷക്കാരായിരുന്നു. അലീഗറിനു 75 ശ. മാ. കൊടുത്താൽ അതിൽ ഭൂരിപക്ഷം മുസ്ലീംകളായിരിക്കും. അപ്പോൾ സാങ്കേതിക കോളേജുകളിൽ ഒരുപക്ഷെ മുസ്ലീം ഭൂരിപക്ഷം വരും, ഇതു് ജനസംഘക്കാക്ക് സഹിക്കില്ല. ഇയ്യിടെയായി മുസ്ലീം വിദ്യാർത്ഥികൾക്ക് കമ്യൂണിസം തോട്ടു് വലിയ കൂറില്ല. അതിനാൽ അവരുടെ എണ്ണം കൂടുന്നതു് കമ്യൂ. പ്രൊഫസർമാർക്കും സഹ്യമല്ല. ഇവരെല്ലാം വി. സി.യുടെ ചുറകും കൂടി. വി. സി. കാണിക്കൽ 50:5ഠ നടപ്പാക്കാൻ അനഭിലഷണീയമായ ബദ്ധപ്പാടും ഉണ്ടായി.

ഇതിനെതിരായി സമാധാനപരമായ പ്രക്ഷോഭം നടത്താൻ വിദ്യാർത്ഥികൾ ഒരു ആക്ഷൻ കമ്മിറ്റി രൂപീകരിച്ചു. സ്റ്റുഡൻസ് യൂണിയൻ ഫലപ്രദമായി പ്രവർത്തിക്കാത്ത ഒരു സ്ഥാപനമായിത്തീർന്നിരിക്കയാൽ ഇതു് വേണ്ടിവന്നു. ആക്ഷൻ കമ്മിറ്റി സമാധാനപരമായ പ്രകടനങ്ങൾ ആരംഭിച്ചു. പ്രമേയങ്ങൾ പാസ്സാക്കുക, നിവേദനങ്ങളയക്കുക, വി. സി. യുടെ വീട്ടിനുമുമ്പിൽ പ്രകടനം നടത്തുക എന്നീ നിയമവിധേയമായ മാർഗ്ഗങ്ങളിലാണുങ്ങിയിരുന്ന അവരുടെ പ്രവർത്തനങ്ങളെങ്കിലും യുവസഹജമായ അവിവേകത്താൽ പ്രേരിതരായിത്തീർന്നവർ വി. സിയെ ശകാരപരമായ മുദ്രാവാക്യങ്ങളാൽ അഭിഷേകം ചെയ്തിരുന്നുവെന്നതു ഖേദകരമായ ഒരു പരമാർത്ഥമാണ്. ചിലപ്പോൾ അവർ വി. സി. സിനിമാബാണ് വിളിച്ചു് ഇതിനു് നല്ലപരിഹാരവും ചെയ്തിരുന്നു.

അങ്ങിനെ നിഷ്പക്ഷമായ ഏപ്രിൽ 25 ഉദയം ചെയ്തു. 11-30നു യൂണിയൻ ഹാളിൽ സർവ്വകലാശാലാ കോടിനേറ്റർ മീറ്റിങ്ങ് നടന്നുകൊണ്ടിരിക്കുകയായിരുന്നു. പരീക്ഷാ ഹാളിൽ നിന്ന് നേരെ കോട്ട് പരിസരത്തിലേക്ക് വരുമ്പോൾ സമാധാനപരമായ പ്രകടനം നടത്തുന്നതിനേ വിദ്യാർത്ഥികൾക്കുദ്ദേശമുണ്ടായിരുന്നുള്ളു. കോർട്ടിലെ ഏതെങ്കിലും ഒരംഗം പറഞ്ഞുവെന്നുവിദ്യാർത്ഥികളെസമാധാനിപ്പിച്ചിരുന്നതുകൊണ്ടാകാം അവിടെ വന്നുചേർന്ന പണം പിരിച്ചുവിട്ടുപോയ്ക്കൊണ്ടിരുന്ന യുവാക്കളെ നൈരാശ്യത്തിന്റെ പടുകഴിയിലേക്കൊരുന്ന വി. സി. യുടെ ഫോർമുല- അതിന്റെ ന്യായീകരണമുണ്ടായാലും ശരി ആ കുരുന്നു മനസ്സുകളെ വല്ലാതെ വേദനിപ്പിച്ചിരിക്കണം. വിദ്രോഹശക്തികൾ ഈ സ്ഥിതിയിൽനിന്നു മുതലെടുത്തിരിക്കും. എന്നാൽ അധികൃതന്മാരുടെ നയമില്ലായ്മയാണ് സംഘർഷാവസ്ഥയെ ഉച്ചകോടിയിലെത്തിച്ചതു്. മുന്നാലോചനയോ മുന്നറിയിപ്പോ ഇല്ലാതെ മിന്നൽവേഗത്തിൽ പോലീസ് വെച്ച വെടിയുണ്ടയിലെ തീപ്പൊരി ആ മരുന്നറയ്ക്കു തീകൊടുത്തു. എന്തൊരു നിർഭാഗ്യം.

വിദ്യാർത്ഥികളോടു നേരിട്ട് പ്രശ്നം ചച്ചചെയ്തു അവരെ തണുപ്പിച്ചിരുന്നുവെങ്കിൽ ആക്ഷൻ കമ്മിറ്റിയിലെ വിദ്രോഹശക്തികളുടെ പാവയാകില്ലായിരുന്നു. വി. സി. അതൊരന്തസ്സിന്റെ പ്രശ്നമായെടുത്തു.

വിദ്യാർത്ഥികൾ ഹിന്ദുമുസ്ലീം വ്യത്യാസം കൂടാതെയാണ് ഞായറാഴ്ചത്തെ പ്രകടനങ്ങളിൽ പങ്കെടുത്തതു്. ഭീമസിംഗും ബലദേവകൃഷ്ണനും ബഷീർഖാനുമായിരുന്നു അവരുടെ നേതാക്കൾ. എന്നാൽ ഇതിനൊരു സാമുദായിക നിറംകൊടുക്കുന്നതിനുള്ള ശ്രമം കമ്മ്യൂണിസ്റ്റുകാർ നടത്തുന്നുണ്ടു്. വി. സി. യുടെ ജീവരക്ഷയ്ക്കുവേണ്ടി ജവാൻ കയ്യിലെടുത്ത പണിപ്പെട്ട യൂസഫ് ഖാൻസേനയും മറ്റും കഴപ്പത്തിന്റെ ഉത്തരവാദികളാക്കാൻ വഴിയില്ല. കമ്മ്യൂ: പത്രമായ 'പേട്രിയട്ട്' തന്നെ കമ്മ്യൂ: പത്രമായ 'ന്യൂ ഏജ്' ശ്രമിച്ചിട്ടുണ്ട്. ഒരു ഹിന്ദു ടീച്ചറോ വിദ്യാർത്ഥിക്കോ പോലീസിൽനിന്നു ഒരു സംരക്ഷണവിധി നടന്നതു്. അതിലും വർഗ്ഗീയത കാണുന്ന ഭൂതക്കണ്ണാടിക്കാർ എന്തൊരു ദ്രോഹമാണ് നാട്ടിനുചെയ്യുന്നതു്?

അലീഗർ സർവകലാശാലതന്നെ എന്നെന്നേക്കുമായി പൂട്ടണമെന്നാണ് 'ഓർഗനൈസറി'ന്റെ അഭിപ്രായം. പാടിയാറ് ഇതിൽ പാക്കിസ്ഥാനെ കൈകാണുന്നു. പാക്കി എംബസിയിൽനിന്നു തന്നെ അലീഗറിൽ പോയിരുന്നുവെന്ന കഥ പാക്കി അംബാസഡർ അർശദ് ഹുസൈൻ നിഷേധിച്ചിട്ടുണ്ട്.

പിറ്റെദിവസംതന്നെ സ്ഥിതിശാന്തമായെങ്കിലും പോലീസിനു വഴങ്ങി സർവ്വകലാശാല പൂട്ടിയിരിക്കയാണ്. പകൽ പരീക്ഷ കഴിഞ്ഞ വിദ്യാർത്ഥികൾ ഹോസ്റ്റൽ വിട്ടോടാൻ കൽപനയായി. അവർ എങ്ങോട്ടുപോകും? നാട്ടിൽ പോകാനുള്ള പണം വന്നിട്ടില്ല. ടിക്കറ്റ് റിസർവേഷനു സൗകര്യമില്ല. പലരും ഡൽഹിയിൽ അല്പത്ത നടക്കുന്നതു കണ്ടു. ഇത്തരം നടപടികൾ ഇല്ലാതാക്കുന്നതിനു പകരം ഇതു പ്രശ്നം ഉണ്ടാക്കാനേ ഉപകരിയ്ക്കുകയുള്ളു.

വൈസ് ചാൻസലർ ഡൽഹി നഴ്സിങ്ങ് ഹോമിൽ സുഖംപ്രാപിച്ചുവരുന്നു. അദ്ദേഹം രാജിവെച്ചുവോ ഇല്ലയോ കേൾപിയ്ക്കുന്നു.

അലീഗറിൽ ഇപ്പോൾ മൂന്നു സംഗതികളാണാവശ്യം

1. സർവ്വകലാശാല ഉടനെ തുറക്കുക.
2. നടന്ന സംഭവങ്ങളെക്കുറിച്ചു ഒരു ജുഡീഷ്യൽ അന്വേഷണം നടത്തുക.
3. 75: 25 ഫോർമുല പുനഃസ്ഥാപിക്കുന്നതിനെപ്പറ്റി വിദ്യാർത്ഥികളുമായി കൂടിയാലോചിച്ചു തൃപ്തികരമായ പരിഹാരം കണ്ടെത്തുക.

(പത്രിക)

പത്രാധിപക്കുള്ള കത്തു്

ആവശ്യം കഴിച്ചുള്ള നെല്ലു് ലവിഅളപ്പിക്കണം

സർ,

ഇന്ത്യയ്ക്കു് സ്വാതന്ത്ര്യംകിട്ടിയതിനുശേഷം ഭാരതീയരെ അഭിമുഖീകരിച്ചിരുന്ന നിരവധി പ്രശ്നങ്ങളിൽ മുഖ്യമായതു് ഭക്ഷ്യപ്രശ്നമായിരുന്നു. പ്രസ്തുത പ്രശ്നപരിഹാരാർത്ഥം പഞ്ചവത്സര പദ്ധതികളിലൂടെ കാർഷിക വികസനത്തിനായി ഇക്കഴിഞ്ഞ 15 വർഷത്തിനുള്ളിൽ ഏതാണ്ടു് 1000 കോടി രൂ. യോളം ചെലവു് ചെയ്തിരിക്കുകയാണ്. ഇത്രമാത്രം ഭാരിച്ച തുക ചെലവഴിക്കുകയും കൂടാതെ ജനങ്ങളുടെ ആവശ്യങ്ങൾക്കു് പോരാതെ വരുന്ന ഭക്ഷ്യധാന്യങ്ങൾ ഇറക്കുമതി ചെയ്യുകയും ചെയ്തിട്ടും ഇന്ത്യയിൽ പൊതുവെ കേരളത്തിനു് പ്രത്യേകിച്ചും ഭക്ഷ്യക്ഷാമത്തിൽ വിഷമതയാണു് അനുഭവപ്പെടുന്നതു്. നമ്മുടെ കാർഷിക ഉല്പാദനശേഷിയുടെ കമ്മി നിമിത്തം അന്യ രാഷ്ട്രങ്ങളിൽനിന്നു് ഇപ്പോഴും ഭക്ഷ്യധാന്യങ്ങളും ഇറക്കുമതി ചെയ്യുകയാണു്. കേരളത്തിലെ കാഷ്ടിക്കോളനൈസേഷൻ മതിയാവാത്തതിനാൽ ഭക്ഷ്യക്ഷാമത്തിൽ നാം അയൽ സംസ്ഥാനങ്ങളേയോ കേന്ദ്രത്തെയോ ആശ്രയിക്കേണ്ടതായും വരുന്നുണ്ടു്.

എന്നാൽ ഇന്നത്തെ പരിതഃസ്ഥിതിയിൽ കേരളത്തിൽ അരി പ്രശ്നത്തിന്റെ പേരിൽ ഒരു ഉർഘടഘട്ടത്തെ അഭിമുഖീകരിക്കേണ്ട ഉത്ഭവിതി നിലനില്ക്കുന്നു് ഇവിടത്തെ ജീവിതം ഒരു പുതിയ വഴിത്തിരിവിലേക്കു് തള്ളിവിടാൻ ഇടവരുത്തിയ്ക്കുന്നതിനുള്ള ഏറ്റവും ഫലപ്രദമായ മാർഗ്ഗം ഇപ്പോൾ ഉല്പാദനം മുൻവർഷം 365 ലക്ഷം ടണ്ണായിരുന്നതു് ഈ വർഷം ഏകദേശം 20 ലക്ഷം ടൺ കൂടി വർദ്ധിച്ചേക്കുമെന്നു് പ്രൂണ്ടിക്കാണിക്കുന്ന 1964 ജൂൺവരെ 63,387 ഗ്രാമസേവകരേയും 7076 ഗ്രാമസേവികമാരേയും കാർഷിക വിപുലീകരണ പ്രവർത്തനങ്ങൾക്കായി പരിശീലിപ്പിച്ചിട്ടുള്ളതിനു പുറമെ 7840 ഗ്രാമസേവകരേയും 731 ഗ്രാമസേവികമാരേയും പരിശീലിപ്പിച്ചുകൊണ്ടിരിക്കുന്നു. കാർഷിക ഉല്പാദനബോർഡ് കാഷികവികസന പരിപാടികളും സംബന്ധിച്ചു് ഗവണ്മെന്റിനെ ഉപദേശിക്കാൻ കാർഷികസാമ്പത്തിക വിദഗ്ധന്മാരടേയും കാർഷിക ശാസ്ത്രജ്ഞന്മാരടേയും പാനലുകൾ രൂപവല്കരിച്ചിട്ടുണ്ട്. കൂടാതെ കാർഷികഗവേഷണത്തിനും, വികസനത്തിനും, വിപണനത്തിനും പ്രത്യേകമായോരോ ബോർഡുകളും സൃഷ്ടിച്ചിട്ടുണ്ടു്. കൃഷി സംബന്ധമായി ജനങ്ങളിൽ ബോധവാന്മാരാക്കുന്നതിനു് കഴിവുള്ള ലഘുലേഖകളുടെ ഏതാണ്ടു് 50 ലക്ഷം പ്രതികളും വിതരണം ചെയ്തിട്ടുണ്ടു്. സർവ്വവ്യാപാരത്തെ നിയന്ത്രിക്കുന്നതിനും ഭക്ഷ്യധാന്യങ്ങളുടെ ശേഖരിക്കുന്നതിനും വില്പനയിതിനും മറ്റുമായി ഭക്ഷ്യധാന്യകോപ്പറേഷനും രൂപീകരിച്ചിട്ടുണ്ടു്.

നമ്മുടെ കേരളവും ഇതിൽനിന്നു് ഒട്ടും പിന്നോക്കമല്ല. കൃഷിവികസനത്തിനും വിളവു വർദ്ധിപ്പിക്കുന്നതിനുംവേണ്ടി ഗവേഷണം, വികസനം, വിദ്യാഭ്യാസം എന്നീ വിഭാഗങ്ങളും, കൃഷി ഡയറക്ടർ ഡെപ്യൂട്ടി ഡയറക്ടർമാർ, അഗ്രികൾച്ചറൽ ഓഫീസർമാർ അസിസ്റ്റൻമാർ മുതലായ ഉദ്യോഗസ്ഥന്മാരുടെ ഒരു വമ്പിച്ച സൈന്യവും കൂടാതെ പഞ്ചായത്തുകളുടെ കീഴിൽ കൃഷിഭവനുകളും പ്രവർത്തിച്ചുവരുന്നു. കൂടാതെ കാർഷിക വിദഗ്ധ കമ്മിറ്റികളും ബോർഡുകളും പാനലുകളും എല്ലാം കേവലം ഒരു ഉദ്യോഗസ്ഥനിർ സൃഷ്ടിച്ചുവെന്നല്ലാതെ മറൊന്നും ചെയ്യുന്നില്ല എന്നല്ലേ അനുഭവം പഠിപ്പിക്കുന്നതു്. ഗ്രാമസേവക-സേവികമാരുടെ കാര്യവും ഇതിൽനിന്നു് ഒട്ടും ഭിന്നമല്ല. ഉദ്യോഗസ്ഥന്മാരുടെ ആത്മാർത്ഥതയില്ലായ്മയും നിരുത്തരവാദിത്വപരമായ പ്രവർത്തനവുമല്ല ഇതിനൊക്കെ കാരണം. പൂഴ്ത്തിവെപ്പുകാരെയും കൊള്ളലാഭക്കാരെയും നിലയ്ക്കു് നിർത്തേണ്ടുന്ന പ്രാപ്തി സർക്കാരിനില്ല എന്നല്ലേ നാം കരുതേണ്ടതു്. ഗവൺമെന്റിൽനിന്നും വിവിധ രീതിയിൽ സഹായം ലഭിച്ചിട്ടും കൃഷകർ കലവായില്ലാതെ ഗവൺമെന്റുമായി സഹകരിക്കുന്നില്ല എന്നല്ലേ അനുമാനിക്കേണ്ടതു്.

ഈ സന്ദർഭത്തിൽ നമ്മേ തുറിച്ചുനോക്കുന്ന ഭക്ഷ്യക്ഷാമത്തിനു് തെല്ലൊരു പരിഹാരം കാണണമെങ്കിൽ എന്താണ് ചെയ്യേണ്ടതു്? റേഷൻകടയിലൂടെ ഇന്നു് വിതരണം ചെയ്യുന്നതിനെക്കാൾ ഇരട്ടി എങ്കിലും ഭക്ഷ്യധാന്യങ്ങളും വിതരണം ചെയ്യുന്നതിനുള്ള സൗകര്യങ്ങളും സൈജന്യനിരക്കിലുള്ള കീടനാശിനികളും വിതരണം ചെയ്യുന്നതിനുള്ള സൗകര്യങ്ങളും ഇവിടെ സൃഷ്ടിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നതിനു് നടപ്പാക്കിയിട്ടുണ്ടു്.

ആക്ഷേപങ്ങളും ആവശ്യങ്ങളും

കുടിയന്മാരുടെ കൂത്താട്ടം

മദ്യവർജ്ജനമേഖലയായ തലപ്പള്ളിതാലൂക്കിൽ പാമ്പായി കല്ലുമാറ മുതലായ പ്രദേശങ്ങളിൽ വ്യാജവാറ്റു വളരെ പുരോഗമിച്ചിരിക്കയാൽ ഞായറ് പലർക്കും വല്ലാത്ത ശല്യമായിരിക്കുന്നു. സ്കൂൾ അദ്ധ്യാപകന്റെ വാദഗതിയെ പോലീസുകാർ പിന്താങ്ങുന്നുണ്ടു്.

മലയോരങ്ങളിൽനിന്നും കോട്ടപ്പുറം ചന്തയിലേയ്ക്കു കൊണ്ടുപോകുന്ന ചരക്കുകളിൽ ഭൂരിഭാഗവും ഈവഴിക്കാണ് പോകുന്നതു്, ഇതുകൂടാതെ പഴക്കവും തിരക്കുപിടിച്ച ഈ റോഡിന്റെ സ്ഥിതിയെക്കുറിച്ചു് ഈവഴിയെ യാത്രചെയ്തിട്ടുള്ള ഒരു യാത്രക്കാരനും മറക്കാൻ കഴിയുകയില്ല. കാരണം ഇതിനുമുമ്പൊരിക്കലും അനുഭവിച്ചിട്ടില്ലാത്ത യാത്രാ ക്ലേശമായിരിക്കും അയാൾ ഈവഴിക്കു് അനുഭവിച്ചിട്ടുണ്ടാവുക. ആസ്പത്രിയിലേക്കു് കൊണ്ടുപോകുന്ന രോഗികളും ഈവഴിയിലൂടെ യാത്രചെയ്യുമ്പോൾ പലപ്പോഴും ആസ്പത്രിവരെ എത്തിയെന്നും വരില്ല. റോഡിന്റെ അറ്റകുറ്റപണി തീരെ കമ്മിയാണു്. റോഡിന്റെ പല ഭാഗങ്ങളിലും വാഹനങ്ങളും ഞെക്കിഇഴുറിപ്പിച്ചുവേണം മുന്നോട്ടുനീക്കാൻ തന്മൂലം ഈ റോഡിൽ ഉണ്ടായിട്ടുള്ള അപകടങ്ങളും നിരവധിയാണു്. യാത്രചെയ്യാൻ ജനങ്ങൾക്കു് വല്ലാത്തഭയവും.

കണ്ണുംകെഴിയും നിറഞ്ഞ ഈ റോഡിൽ അവിടവിടെയായി മെറാലുകളും ഇളകി കന്നാലുടിക്കിടക്കുകയാണു്. എന്നാൽ ഇതിലും പഴക്കം കുറഞ്ഞതും അപ്രധാനങ്ങളുമായ പലറോഡുകളും പലയിടത്തും ടാറിട്ടു് കഴിഞ്ഞിട്ടുണ്ടു്. ഈ റോഡു് ടാർ ചെയ്യണമെന്നാവശ്യപ്പെട്ടുകൊണ്ടും, ഏതാണ്ടു നാലുകൊല്ലങ്ങൾക്കു മുമ്പു് നാട്ടുകാരും യാത്രക്കാരും ചേർന്നു് ഒരപേക്ഷ അധികാരപ്പെട്ടവർക്കയക്കുകയുണ്ടായി ഉടൻതന്നെ പരിഹാരം ഉണ്ടാക്കാമെന്നുള്ള മറുപടിയും കിട്ടി. അതിനുശേഷം കൊല്ലങ്ങൾ പലതു കഴിഞ്ഞെങ്കിലും പരിഹാരമൊന്നുണ്ടായില്ല. പിന്നെ പരാതിപ്പെട്ടതിനു് മറുപടിയൊ നടപടിയൊ ഉണ്ടായില്ല. ഇതെല്ലാംകൂടി നോക്കുമ്പോൾ ഇന്നാട്ടുകാരോടും ഇതിലേ യാത്രചെയ്യുന്നവരോടും അധികാരികൾക്കു് അവഗണനയാണെന്നു തോന്നുന്നു. പരിതാപകരമായ ഈ അവസ്ഥയിൽനിന്നും ഈനാട്ടുകാരേയുംയാത്രക്കാരേയും രക്ഷിക്കുവാൻ കനിവുണ്ടാകുമോ ആവൊ? ഇനിയും ഇക്കാര്യത്തിനുവേണ്ടി ഞങ്ങളെ ബുദ്ധിമുട്ടിക്കരുതെന്നു് അപേക്ഷിക്കുന്നു.

കൃഷ്ണൻകോട്ട, പി. സി. പത്രോസ്

ഡോക്ടർ വേണം

ചന്ദ്രക്കളം ഫ്ളോട്ടിംഗ് ആശുപത്രിയിലെ ഡോക്ടർ ദീർഘകാലായുള്ള വിലക്കു് അവധിയെടുത്തിരിക്കുകയാണെന്നറിയുന്നു. പകരം ഒരു ഡോക്ടർ ഇല്ലെന്നതു് പൊതുജനങ്ങൾക്കു് ബുദ്ധിമുട്ടുണ്ടാക്കുന്നു. ബന്ധപ്പെട്ടവർ ശ്രദ്ധിക്കുന്നതു് നന്നായിരിക്കും.

ചന്ദ്രക്കളം നാട്ടുകാരൻ

.....

'മലബാർ മെയിൽ'

തൊഴിൽകഴ്പ്പു്

(സ്വ. ലേ) എറണാകുളം, മെ. 5

എറണാകുളം മെയ്യാപ്പോലീത്താ തിരുമേനിയുടെ രക്ഷാധികാരത്തിൽ ഇഡിടെനിന്നും പുറപ്പെടുവിച്ചിരുന്നതും, അടുത്ത ദിവസം പ്രസിദ്ധീകരണം നിന്നിവരുമായ "മലബാർ മെയിൽ" ദിനപത്രം ഇന്നലെ മുതൽ സായാഹ്നപത്രിപ്പായി പ്രസിദ്ധീകരണം പുനരാരംഭിച്ചിരിക്കുന്നു.

മലബാർ മെയിൽ സായാഹ്ന പത്രമായി രൂപാന്തരപ്പെടുത്തുവാൻ തീരുമാനിച്ചതിനെ തുടർന്നു്, മെയിൽ അച്ചടിക്കുന്ന മാർപ്ലയിസ് മെമ്മോറിയൽ പ്രസ്സിലെ 22 ജോലിക്കാരെ തൊഴിൽ തർക്കനിയമം 25 എഫ് (ഡി) വകുപ്പുപ്രകാരം 1965 ഏപ്രിൽ 30-ാം തീയതി പിരിച്ചുവിടുകയും, തുടർച്ചയായി സഹിച്ചുകൊണ്ടിരിക്കുന്ന ഭീമമായ നഷ്ടം മുൻനിറുത്തിയാണു് ഇത്തരമൊരു തീരുമാനമുണ്ടായതു് എന്നു് വേദനാജനകമായ ഈ അനിവാര്യനടപടിക്കു് നിർബ്ബന്ധിതമായതെന്നും ഇതുസംബന്ധിച്ചു മാനേജ്മെൻറിന്റെ ഒരു പ്രസ്താവനയിൽ പറയുന്നു. തൊഴിലാളികൾക്കു് നിയമപ്രകാരം കിട്ടേണ്ടതായ വ്യയനഷ്ടപൂർത്തീകരണ നഷ്ടപരിഹാരവും (റിട്രെഞ്ച്മെൻറ് കോമ്പൻസേഷൻ) ഒരു മാസത്തെ നോട്ടീസ് ശമ്പളവും നൽകുന്നതായിട്ടാണെന്നും മാനേജ്മെൻറ് വിജ്ഞാപനം ചെയ്തിട്ടുണ്ടെന്നും പ്രസ്താവനയിൽ തുടർന്നു പറയുന്നുണ്ടു്.

'ഇന്ത്യൻ നേഷനെ'തിരെയി അവകാശലംഘനം

ന്യൂഡൽഹി, മെ 6

പാട്നായിൽനിന്നു പുറപ്പെടുന്ന 'ഇന്ത്യൻനേഷൻ' എന്ന പത്രത്തിനെതിരായി എസ്. എം. ബാനർജി അവതരിപ്പിച്ച അവകാശലംഘനപ്രമേയം പ്രിവിലേജസ് കമ്മറ്റിക്കവിടാൻ ലോകസഭ ഇന്നു് തീരുമാനിച്ചിരിക്കുന്നു. മാർശിയിലെ 'ഹിന്ദു'വിനെതിരായ അവകാശലംഘനം ക്ഷമാപണത്തെ തുടർന്നു് പിൻവലിക്കുവാനും ലോകസഭ തീരുമാനിച്ചു.

ഭാരത്സേവക് സമാജിനെതിരായി റിപ്പോർട്ടു് സമർപ്പിച്ച പബ്ലിക് അക്കൗണ്ട്സ് കമ്മറ്റിയെപ്പറ്റി പാട്നായിൽവച്ചു് ആഭ്യന്തരമന്ത്രി നന്ദ എന്തോ പറഞ്ഞതായി പ്രസിദ്ധീകരിച്ചതാണു് അവകാശലംഘനത്തിനാസ്പദമായ സംഭവം.

'ഹിന്ദു' ഉടനടി ക്ഷമാപണം ചെയ്തുവെങ്കിലും 'ഇന്ത്യൻനേഷൻ' അതിനുതുടാക്കിയില്ലത്രെ.

.....

മുദ്രവെയ്ക്കാത്ത അളവുപാത്രങ്ങൾ ഉപയോഗിച്ചതിനു്

(സ്വ. ലേ) പാലക്കാടു്, മെ. 6

പാലക്കാടുജില്ലാ വെയ്റ്റ്സ് ആന്റ് മെഷേർസ് ഇൻസ്പക്ടറും പാർട്ടിയും കഴിഞ്ഞ പാലക്കാടു് ടൌണിൽ ആർ. നാരായണൻകുട്ടി പണിക്കരുടെ കടയിൽ നിന്നും വിറ്റു മുദ്രചെയ്യാത്ത ടെയിപ്പുകൾ പിടിച്ചെടുത്തു് കച്ചവടക്കാരനെതിരെ ക്രിമിനൽ പ്രോസിക്യൂഷൻ നടപടികൾ ആരംഭിച്ചിരിക്കുന്നു. എം. എ. മുഹമ്മദാലി ആന്റ് എം. പി. മുഹമ്മദ് [പൂനൂരം] സുബ്രഹ്മണ്യൻ (കൊടുവായൂർ) എന്നീ കച്ചവടക്കാരിൽനിന്നും മുദ്രചെയ്യാത്ത തൂക്കസ്സുകളും പഴയ അളവുപാത്രങ്ങളും പിടിച്ചെടുത്തു് പ്രോസിക്യൂഷൻ നടപടികളും എടുത്തുവരുന്നുണ്ടു്.

.....

നിണമണിഞ്ഞ കാല്പാടുകൾ കന്നടയിലേക്കു്

മദ്രാസ് മെയ് 7

നിണമണിഞ്ഞ കാല്പാടുകൾ എന്ന മലയാള ചിത്രത്തെ അധികരിച്ചു നിർമ്മിക്കുന്ന ഒരു കന്നട ചിത്രത്തിൽ കല്യാൺകുമാറും ദേവികയും അഭിനയിക്കുന്നതാണു്. 1964-ലെ പ്രസിഡന്റിന്റെ അവാർഡു ലഭിച്ച ചിത്രമാണു് നിണമണിഞ്ഞ കാല്പാടുകൾ.

കുട്ടിക്കൂപ്പായം ഹിന്ദിയിൽ

ജയമാരുതിയുടെ കുട്ടിക്കുപ്പായം എന്ന ചിത്രം ഹിന്ദിയിൽ നിർമ്മിക്കാനും ഭീംസിംഗ് എന്ന പ്രശസ്ത സംവിധായകൻ തന്നെ ചിത്രം സംവിധാനം ചെയ്യുന്നതാണു്.

....

പട്ടികജാതിക്കാരിൽനിന്നു് അപേക്ഷക്ഷണിക്കുന്നു

(സ്വ. ലേ) പാലക്കാടു്, മെ 6

1965-66 സാമ്പത്തിക വർഷത്തിൽ ഹരിജനക്ഷേമവകുപ്പിൽനിന്നുള്ള ഭവനനിർമ്മാണ വായ്പകൾക്കു് പാലക്കാടു് ജില്ലയിലുള്ള പട്ടികജാതിക്കാരിൽനിന്നും നിർദ്ദിഷ്ടഫോറത്തിൽ അപേക്ഷകൾ ക്ഷണിച്ചിരിക്കുന്നു.

അനുവദിക്കുന്ന വീടിനുതന്നെ 1000 രൂപ വീതം ഗ്രാന്റും നൽകുന്നതാണു്. ധനസഹായം ആവശ്യമുള്ളവർ അപേക്ഷകന്റെ വസ്തുനം, വീടുണ്ടാക്കാനുദ്ദേശിക്കുന്ന സ്ഥലത്തിന്റെ വിസ്തീർണ്ണം സർവ്വെ നമ്പർ അപേക്ഷകനു് അതിലുള്ള അവകാശം എന്നിവ തെളിയിക്കുന്ന സർട്ടിഫിക്കറുകളും വില്ലേജാഫീസർ തഹസിൽദാർ, റവന്യൂ ഇൻസ്പെക്ടർ, പഞ്ചായത്തു് പ്രസിഡണ്ടു്, എം. പി. എം. എന്നിവരിൽ ആരുടെയെങ്കിലും പക്കൽനിന്നും വാങ്ങി മേയ് 31-ാംതീ-ക്കു് മുമ്പു് ബന്ധപ്പെട്ട താലൂക്കു് വെൽഫെയർ ഇൻസ്പെക്ടർക്കു് കിട്ടത്തക്കവണ്ണം അയച്ചിരിക്കേണ്ടതാണു്.

അപേക്ഷാഫാറങ്ങൾ അതാതു് താലൂക്കു് വെൽഫെയർ ഇൻസ്പെക്ടർമാരുടെ ആഫീസിൽനിന്നും പാലക്കാടു് ജില്ലാ വെൽഫെയർ ആഫീസിൽനിന്നും ലഭിക്കുന്നതാണു്.

....

ഖാദിഗ്രാമ-വ്യവസായ സഹകരണസംഘം പ്രവർത്തകർക്കുള്ള ടെയിനിംഗ് കോഴ്സ്

തൃശൂർ, മെ. 6

തൃശൂർ കോ-ഓപ്പറേറീവു് കോളേജിൽ നടന്നുവരുന്ന ഖാദി ഗ്രാമവ്യവസായ സഹകരണസംഘം പ്രവർത്തകരുടെ ടെയിനിംഗ് കോഴ്സ്രണ്ടാമത്തെസെഷൻ അടുത്ത ജൂൺ മൂന്നാം തിയതി ആരംഭിക്കുന്നതാണു്.

ഖാദിഗ്രാമ-വ്യവസായ സഹകരണസംഘങ്ങളിൽ പ്രവർത്തിയെടുത്തുവരുന്നവരിൽ താഴെപറയുന്ന വിദ്യാഭ്യാസയോഗ്യതയോടുകൂടിയ 40 പേർക്കു് ടെയിനിംഗിനു പ്രവേശനമനുവദിയ്ക്കുന്നതാണു്. a, എസ്. എസ്. എൽ. സി. പരീക്ഷപാസ്സായിട്ടുള്ളവർ. b, പത്താംക്ലാസ് വരെ പഠിക്കുകയും കുറഞ്ഞപക്ഷം രണ്ടുകൊല്ലമെങ്കിലും സംഘത്തിൽ സേവനം അനുഷ്ഠിക്കുകയും ചെയ്തിട്ടുള്ളവർ c, പത്താക്ലാസ്സ് വരെ പഠിക്കുകയും കുറഞ്ഞപക്ഷം സംഘത്തിനു 3 കൊല്ലമെങ്കിലും സേവനം അനുഷ്ഠിക്കു

വിസന്റെ ശ്രമങ്ങൾ വിജയിക്കുമെന്ന് പ്രത്യാശ

മൊണ്ട്ബാറൻപ്രഭുവിന്റെ ബഹുമാനാർത്ഥം നല്കിയ സല്ക്കാരവേളയിൽ ശാസ്ത്രി

[പി ടി ഐ) ന്യൂഡൽഹി മേ. 7

കച്ച്-സ്താൻ അതിർത്തിക്കയ്യേറ്റത്തിനു സമാധാനപരമായ ഒരു പരിഹാരം കാണുന്നതിനുള്ള ബ്രിട്ടിഷ് പ്രധാനമന്ത്രി മി. വിസന്റെ ശ്രമങ്ങൾ വിജയിക്കുമെന്നു പ്രധാനമന്ത്രി ശാസ്ത്രി പ്രത്യാശ പ്രകടിപ്പിച്ചിരിക്കുന്നു.

കഴിഞ്ഞ വ്യാഴാഴ്ച നടത്തിയ പ്രസംഗത്തിൽ ശാസ്ത്രിജി ഇക്കാര്യം വ്യക്തമാക്കിയത്.

ഇന്ത്യയുടെ ഭാവി, ഇന്ത്യയെമാത്രം സംബന്ധിക്കുന്നതെന്നതിനേക്കാൾ ഉപരി അതു നമ്മെ എല്ലാവരേയും ബാധിക്കുന്നതാണെന്നു മൊണ്ട്ബാറൻ പ്രഭു തന്റെ മറുപടിപ്രസംഗത്തിൽ പ്രസ്താവിച്ചു.

ഇന്ത്യൻ പ്രദേശത്തിനെതിരായി പാക്കിസ്ഥാൻ നടത്തിയ ആക്രമണത്തിനെ തുടർന്ന്: ഞങ്ങൾക്കുവേണ്ടി താങ്കൾ അനേഷ്ടിച്ച മഹത്തായ സേവനത്തെ ഈ രാഷ്ട്രം എന്നും അനുസ്മരിക്കുന്നു. ഇനങ്ങൾ ഇപ്പോഴും താങ്കളെ സ്നേഹിക്കുന്നു. നിങ്ങൾ ചെയ്തിട്ടുള്ള മഹത്തായ സംഭാവനക്ക് ഞങ്ങളെല്ലാം കൃതജ്ഞരാണ്. കേവലം അഭിവാദ്യം പറഞ്ഞുകൊണ്ടു മാത്രം ഇപ്പോൾ നിങ്ങളുടെ ത്യാഗത്തിനു പകരമാകുന്നതിനു ഞങ്ങൾക്കു കഴിയുന്നതല്ല. ഞങ്ങൾ ഇപ്പോൾ ചെയ്തുകൊണ്ടിരിക്കുന്നതിനേക്കാൾ കൂടുതൽ ചെയ്യുവാൻ ഞങ്ങൾക്കു കഴിയുന്നതിനും രാജ്യത്തു സമാധാനമുണ്ടായിരിക്കുക എന്നതു സുപ്രധാനമായ കാര്യമാണെന്നും മി. ശാസ്ത്രി പറഞ്ഞു.

മൊണ്ട്ബാറൻപ്രഭുവിന്റെ നേതൃത്വത്തിൽ ഞങ്ങൾക്കുണ്ടു പ്രധാനമന്ത്രി ഇങ്ങനെ തുടർന്ന: ഞങ്ങൾക്കുവേണ്ടി താങ്കൾ അനേഷ്ടിച്ച മഹത്തായ സേവനത്തെ ഈ രാഷ്ട്രം എന്നും അനുസ്മരിക്കുന്നു. ജനങ്ങൾ ഇപ്പോഴും താങ്കളെ സ്നേഹിക്കുന്നു. നിങ്ങൾ ചെയ്തിട്ടുള്ള മഹത്തായ സംഭാവനക്ക് ഞങ്ങളെല്ലാം കൃതജ്ഞരാണ്. കേവലം അഭിവാദ്യം പറഞ്ഞുകൊണ്ടു മാത്രം ഇപ്പോൾ നിങ്ങളുടെ ത്യാഗത്തിനു പകരമാകുന്നതിനു ഞങ്ങൾക്കു കഴിയുന്നതല്ല. ഞങ്ങൾ ഇപ്പോൾ ചെയ്തുകൊണ്ടിരിക്കുന്നതിനേക്കാൾ കൂടുതൽ ചെയ്യുവാൻ ഞങ്ങൾക്കു കഴിയുന്നതിനും രാജ്യത്തു സമാധാനമുണ്ടായിരിക്കുക എന്നതു സുപ്രധാനമായ കാര്യമാണെന്നും മി. ശാസ്ത്രി പറഞ്ഞു.

രാജ്യത്തെ രണ്ടുമേഖലകളാക്കി തിരിക്കണമെന്ന ഡോ: ലോഹ്യയുടെ നിർദ്ദേശം അപ്രായോഗികമാണ്. ഈ നിർദ്ദേശം സ്വീകരിക്കുകയാണെങ്കിൽ അതിനർത്ഥം ഭാഷയുടെ അടിസ്ഥാനത്തിൽ വീണ്ടും രാജ്യത്തെ വിഭജിക്കുക എന്നായിരിക്കുമെന്നും അദ്ദേഹം പറഞ്ഞു.

കേന്ദ്രഗവൺമെന്റിനോടൊത്തിരുന്നുള്ള എല്ലാ സഖ്യകക്ഷികളും ജനാധിപത്യവാദികളും ദേശീയവാദികളും ഒരേ ജിജ്ഞാസയുള്ളവരാണെന്നും അവരുടെ ഇടയിൽ ഒരു കാലത്തിനകം ഒരു വലിയ വിഭാഗം തന്നെ കക്ഷിവിദ്വേഷമില്ലാതെ ഒന്നിച്ചുചേരുമെന്നും താൻ വിശ്വസിക്കുന്നു. എല്ലാ പ്രതിപക്ഷകക്ഷികളുടേയും ഐക്യം പ്രായോഗികമോ അഭിലഷണീയമോ എന്നു തങ്ങൾക്കു കരുതുന്നില്ല. കാരണം, എല്ലാ പ്രതിപക്ഷപാർട്ടികളുടേയും ഐക്യം സാധിക്കുകയാണെങ്കിലും അങ്ങനെ ഏതെങ്കിലും ഒരു ഗവൺമെന്റ് രൂപീകരിക്കുന്നതു മോശമായിരിക്കും. ഉദ്ദേശത്തിലും വീക്ഷണത്തിലും സഹകരണത്തിലും അതിനു ഐക്യമുണ്ടാകില്ല. അതു പെട്ടെന്നു പിരിയുകയും ചെയ്യും. ഇന്ത്യയിൽ കൂട്ടുമന്ത്രിസഭകളുടെ അനുഭവം പ്രോത്സാഹജനകമല്ല. കോളത്തിലേയും കോ-ഓപ്പറേറ്റീവിലേയും കാര്യങ്ങൾ നമ്മെ ഓർമ്മിപ്പിക്കുന്നതാണ്. ഈ രണ്ടുകൂട്ടരുടെയിലേയും അനുഭവം മൊത്തം പരാജയമായിരുന്നു. പ്രതിപക്ഷത്തെ സഹായിക്കുന്നതിനുപകരം അതു കോൺഗ്രസിനു സഹായകമായിരിക്കുകയാണുണ്ടായതെന്നും മി. ശാസ്ത്രി പറഞ്ഞു. കോൺഗ്രസിനെതിരായി പ്രതിപക്ഷപാർട്ടികളുടെ ഐക്യം സംബന്ധിച്ച ഡോക്ടർ ലോഹ്യയുടെ നയം കേരളത്തിൽ ശ്രമിച്ചുനോക്കി. ആ സംഘടനയിൽ എല്ലാ പാർട്ടികളായി, (കമ്യൂണിസ്റ്റ്, ജൻ, കോൺഗ്രസ്) പി. എസ്. പി. തന്നെ കടിഞ്ഞാണുകളിൽ സഖ്യമുണ്ടാക്കിയിട്ടുള്ളതാണ്. കേരളത്തിൽ ഇപ്പോൾ ഒരു ഭരണസ്ഥാപിക്കുന്നതിനായി പി. എസ്. പി. യുമായി ഒരു ധാരണയിലെത്തുന്നതിനു കോൺഗ്രസിനു സാധിച്ചില്ലെന്നതുതന്നെ കാണാൻകഴിയുന്നതെന്നും അദ്ദേഹം പറഞ്ഞു.

കേരളത്തിലെ ഒരു പാർട്ടിയുമായും ഇപ്പോൾ ഒരു ധാരണയുമുണ്ടാക്കിയിട്ടില്ലെന്നു പി. എസ്. പി. നേതാവു കെ. കുഞ്ചിനി പറഞ്ഞിട്ടുള്ളതു ശരിയാണോ എന്നു ചോദിച്ചപ്പോൾ അതിനെപ്പറ്റി തനിക്കു വിശദാംശങ്ങൾ അറിഞ്ഞുകൂടെന്നും അതിനെപ്പറ്റി പരിശോധിച്ചിട്ടില്ലെന്നുതന്നെ കാണാൻകഴിയുന്നതെന്നും അദ്ദേഹം പറഞ്ഞു.

കേരളത്തിലെ ഒരു പാർട്ടിയുമായും ഇപ്പോൾ ഒരു ധാരണയുമുണ്ടാക്കിയിട്ടില്ലെന്നു പി. എസ്. പി. നേതാവു കെ. കുഞ്ചിനി പറഞ്ഞിട്ടുള്ളതു ശരിയാണോ എന്നു ചോദിച്ചപ്പോൾ അതിനെപ്പറ്റി തനിക്കു വിശദാംശങ്ങൾ അറിഞ്ഞുകൂടെന്നും അതിനെപ്പറ്റി പരിശോധിച്ചിട്ടില്ലെന്നുതന്നെ കാണാൻകഴിയുന്നതെന്നും അദ്ദേഹം പറഞ്ഞു.

....

തീവണ്ടിക്കൊള്ളയുടെ അട്ടക്കളപാരായണം

ന്യൂഡൽഹി, മെയ് 7

മധ്യറെയിൽവേയിൽ യാത്രക്കാരുടെ കൈവശമുണ്ടായിരുന്ന പണവും ആഭരണങ്ങളും കവർച്ച ചെയ്തതിനെപ്പറ്റി ഇന്നു പാർലമെന്റിൽ വിശദീകരണം നൽകുന്നതിനുള്ള പ്രമേയത്തിന്മേൽ നടന്ന ചർച്ചയിൽ ഭാഗഭാക്കായ ഭരണകക്ഷിയിലെ ഏതാനും അംഗങ്ങൾ കൊള്ളയുടെ ഉത്തരവാദിത്വം പ്രതിപക്ഷത്തിന്റെ തലയിൽ കെട്ടിവയ്ക്കുവാൻ ശ്രമിച്ചതു വിവാദത്തിനിടയാക്കി.

കൊള്ളയുടെ ഉത്തരവാദിത്വം പ്രതിപക്ഷത്തിന്റെ തലയിൽ കെട്ടിവയ്ക്കുവാൻ ശ്രമിച്ചതിനെ പ്രതിപക്ഷാംഗങ്ങൾ ശക്തിയുക്തം എതിർത്തു. കൊള്ളയുടെ ഉത്തരവാദിത്വം ഭരണകക്ഷിയുടെ തലയിൽ കെട്ടിവയ്ക്കുവാൻ ശ്രമിച്ചതിനെ പ്രതിപക്ഷാംഗങ്ങൾ ശക്തിയുക്തം എതിർത്തു.

അതു പാസ്സായി

ന്യൂഡൽഹി മെയ് 7

കേരളത്തിൽ പ്രസിഡന്റ് ഭരണം ഏർപ്പെടുത്തിക്കൊണ്ടുള്ള രാഷ്ട്രപതിയുടെ പ്രഖ്യാപനം 26 വോട്ടിനെതിരെ 104 വോട്ടുനേടി ലോക്സഭ പാസ്സാക്കിയിരിക്കുന്നു. പി ടി ഐ

....

ഒറ്റയ്ക്കുനിന്നു പാർട്ടിയെ ശക്തിപ്പെടുത്തും, ഭാസിൻ

എസ് എസ്. പി യിൽനിന്നും വിട്ടുപോന്നതിനുള്ള കാരണങ്ങൾ പി. എസ്. പി. നേതാവു വിശദീകരിക്കുന്നു

(പി ടി ഐ) മധുര, മേയ് 7

ഭാഷാനയം, കോൺഗ്രസ്സിനെതിരായി പ്രതിപക്ഷപാർട്ടികളുടെ ഒരു മുന്നണി രൂപീകരിക്കുന്നതുസംബന്ധിച്ച പ്രശ്നം എന്നിവയ്ക്കുമേലുള്ള അഭിപ്രായ ഭിന്നിപ്പുമൂലമാണ് സംയുക്ത സോഷ്യലിസ്റ്റ് പാർട്ടിയിൽനിന്നും തങ്ങൾ വിട്ടുപോന്നതെന്നു പ്രജാ സോഷ്യലിസ്റ്റ് പാർട്ടിയുടെ ജനറൽ സിക്രട്ടറി മി. പ്രേംഭാസിൻ പ്രസ്താവിച്ചിരിക്കുന്നു.

ഒരു പത്രസമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

ഹിന്ദി ഔദ്യോഗികഭാഷയായിരിക്കുമ്പോൾതന്നെ, ഹിന്ദി സംസാരിക്കാത്ത ജനങ്ങൾ ആഗ്രഹിക്കുന്നേടത്തോളം കാലം ഇംഗ്ലീഷ് സഹഭാഷയായിത്തുടരാൻ അനുവദിക്കണമെന്നുള്ള നിയമം തങ്ങൾ സ്വീകരിച്ചിരിക്കുന്നതു്. എന്നാൽ, ഡോ: ലോഹ്യയുടെ എസ്. എസ്. പി വിട്ടുപോന്നതു ഹിന്ദിയുടെ അടിച്ചേല്പിക്കലിലും ജീവിതത്തിന്റെ പ്രശ്നം ഇംഗ്ലീഷിനെച്ചൊല്ലിയാണെന്നതിലുമല്ല. ഇതു സങ്കുചിതവും ആത്മഹത്യാപരവുമായ നയമാണെന്നു മി. ഭാസിൻ പറഞ്ഞു.

രാജ്യത്തെ രണ്ടുമേഖലകളാക്കി തിരിക്കണമെന്ന ഡോ: ലോഹ്യയുടെ നിർദ്ദേശം അപ്രായോഗികമാണ്. ഈ നിർദ്ദേശം സ്വീകരിക്കുകയാണെങ്കിൽ അതിനർത്ഥം ഭാഷയുടെ അടിസ്ഥാനത്തിൽ വീണ്ടും രാജ്യത്തെ വിഭജിക്കുക എന്നായിരിക്കുമെന്നും അദ്ദേഹം പറഞ്ഞു.

കേന്ദ്രഗവൺമെന്റിനോടൊത്തിരുന്നുള്ള എല്ലാ സഖ്യകക്ഷികളും ജനാധിപത്യവാദികളും ദേശീയവാദികളും ഒരേ ജിജ്ഞാസയുള്ളവരാണെന്നും അവരുടെ ഇടയിൽ ഒരു കാലത്തിനകം ഒരു വലിയ വിഭാഗം തന്നെ കക്ഷിവിദ്വേഷമില്ലാതെ ഒന്നിച്ചുചേരുമെന്നും താൻ വിശ്വസിക്കുന്നു. എല്ലാ പ്രതിപക്ഷകക്ഷികളുടേയും ഐക്യം പ്രായോഗികമോ അഭിലഷണീയമോ എന്നു തങ്ങൾക്കു കരുതുന്നില്ല. കാരണം, എല്ലാ പ്രതിപക്ഷപാർട്ടികളുടേയും ഐക്യം സാധിക്കുകയാണെങ്കിലും അങ്ങനെ ഏതെങ്കിലും ഒരു ഗവൺമെന്റ് രൂപീകരിക്കുന്നതു മോശമായിരിക്കും. ഉദ്ദേശത്തിലും വീക്ഷണത്തിലും സഹകരണത്തിലും അതിനു ഐക്യമുണ്ടാകില്ല. അതു പെട്ടെന്നു പിരിയുകയും ചെയ്യും. ഇന്ത്യയിൽ കൂട്ടുമന്ത്രിസഭകളുടെ അനുഭവം പ്രോത്സാഹജനകമല്ല. കോളത്തിലേയും കോ-ഓപ്പറേറ്റീവിലേയും കാര്യങ്ങൾ നമ്മെ ഓർമ്മിപ്പിക്കുന്നതാണ്. ഈ രണ്ടുകൂട്ടരുടെയിലേയും അനുഭവം മൊത്തം പരാജയമായിരുന്നു. പ്രതിപക്ഷത്തെ സഹായിക്കുന്നതിനുപകരം അതു കോൺഗ്രസിനു സഹായകമായിരിക്കുകയാണുണ്ടായതെന്നും മി. ഭാസിൻ പറഞ്ഞു. കോൺഗ്രസിനെതിരായി പ്രതിപക്ഷപാർട്ടികളുടെ ഐക്യം സംബന്ധിച്ച ഡോക്ടർ ലോഹ്യയുടെ നയം കേരളത്തിൽ ശ്രമിച്ചുനോക്കി. ആ സംഘടനയിൽ എല്ലാ പാർട്ടികളായി, (കമ്യൂണിസ്റ്റ്, ജൻ, കോൺഗ്രസ്) പി. എസ്. പി. തന്നെ കടിഞ്ഞാണുകളിൽ സഖ്യമുണ്ടാക്കിയിട്ടുള്ളതാണ്. കേരളത്തിൽ ഇപ്പോൾ ഒരു ഭരണസ്ഥാപിക്കുന്നതിനായി പി. എസ്. പി. യുമായി ഒരു ധാരണയിലെത്തുന്നതിനു കോൺഗ്രസിനു സാധിച്ചില്ലെന്നതുതന്നെ കാണാൻകഴിയുന്നതെന്നും അദ്ദേഹം പറഞ്ഞു.

കേരളത്തിലെ ഒരു പാർട്ടിയുമായും ഇപ്പോൾ ഒരു ധാരണയുമുണ്ടാക്കിയിട്ടില്ലെന്നു പി. എസ്. പി. നേതാവു കെ. കുഞ്ചിനി പറഞ്ഞിട്ടുള്ളതു ശരിയാണോ എന്നു ചോദിച്ചപ്പോൾ അതിനെപ്പറ്റി തനിക്കു വിശദാംശങ്ങൾ അറിഞ്ഞുകൂടെന്നും അതിനെപ്പറ്റി പരിശോധിച്ചിട്ടില്ലെന്നുതന്നെ കാണാൻകഴിയുന്നതെന്നും അദ്ദേഹം പറഞ്ഞു.

കേരളത്തിലെ ഒരു പാർട്ടിയുമായും ഇപ്പോൾ ഒരു ധാരണയുമുണ്ടാക്കിയിട്ടില്ലെന്നു പി. എസ്. പി. നേതാവു കെ. കുഞ്ചിനി പറഞ്ഞിട്ടുള്ളതു ശരിയാണോ എന്നു ചോദിച്ചപ്പോൾ അതിനെപ്പറ്റി തനിക്കു വിശദാംശങ്ങൾ അറിഞ്ഞുകൂടെന്നും അതിനെപ്പറ്റി പരിശോധിച്ചിട്ടില്ലെന്നുതന്നെ കാണാൻകഴിയുന്നതെന്നും അദ്ദേഹം പറഞ്ഞു.

ഒളരിക്കര കാപകടം മരിച്ചവർ നാലായി

തൃശ്ശൂർ മെയ് 8

ഒളരിക്കരയിലുണ്ടായകാപകടത്തിൽപെട്ട് ആസ്പത്രിയിൽ പ്രവേശിപ്പിക്കപ്പെട്ടവരിൽ പിറയുള്ള് തറയിൽ ദേവസ്സി മോസി (15) എന്ന കുട്ടികൂടി നിര്യാതയായിരിക്കുന്നു. ഇതോടെ ഈ അപകടത്തിൽ മരിച്ചവരുടെ എണ്ണം നാലായി.

— സ്വ. ലേ

റൊഡേഷ്യൻ തിരഞ്ഞെടുപ്പ്

റട്ടാക്കണമെന്ന സോവ്യറൻ നിർദ്ദേശം നിരസിച്ചു

(രോയിട്ടർ) സലിസ്ബറി മേ. 6

റൊഡേഷ്യയിൽ നാളെ നടക്കുന്ന തിരഞ്ഞെടുപ്പ് റദ്ദാക്കുവാൻ ബ്രിട്ടീഷ് ഗവണ്മെന്റിനോടു് ആവശ്യപ്പെടണമെന്ന ഒരു സോവ്യറൻ നിർദ്ദേശം ഐക്യരാഷ്ട്ര സെക്യൂരിറ്റി കൌൺസിൽ തള്ളിക്കളഞ്ഞിരിക്കുന്നു.

റൊഡേഷ്യ ഏകപക്ഷീയമായിസ്വാതന്ത്ര്യം പ്രഖ്യാപിക്കുന്നതിനെ തടയുന്നതിനാവശ്യമായ നടപടികളെടുക്കുവാൻ ബ്രിട്ടനോടു് ആവശ്യപ്പെടുന്ന ഒരു ആഫ്രോ എഷ്യൻ പ്രമേയം കൌൺസിൽ അംഗീകരിക്കുകയുണ്ടായി.

....

എം. പി. മാരുടെ പെരുമാറ്റരീതി ഗുരുതരമായി അധ:പതിച്ചുവെന്നു് സ്പീക്കർ

(പി ടി ഐ) ന്യൂഡൽഹി, മെയ് 7

ലോകസഭാംഗങ്ങളുടെ പെരുമാറ്റരീതിയിൽ കാണപ്പെടുന്ന ഗുരുതരമായ അധ:പതനത്തെ സ്പീക്കർ ഹുക്കും സിങ്ങ് ഇന്നു അപലപിച്ചിരിക്കുന്നു.

'അദ്ധ്യക്ഷസ്ഥാനത്തോടു് യാതൊരു ബഹുമതിയുമില്ല സഭാനേതാവിനെ കണക്കാക്കുന്നതായും. രാജ്യപതിയെപ്പോലും വെറുതെ വിടുന്നില്ല. എന്തിനു? മെമ്പർമാർ പാസ്സും കാണിക്കേണ്ട മര്യാദപോലും പാലിക്കപ്പെടുന്നില്ല ...സ്പീക്കർ പറഞ്ഞു.

'അദ്ധ്യക്ഷപദവി ഉപയോഗശൂന്യമായിത്തീർന്നിരിക്കുന്നു' എന്നു ഒപ്പുവച്ചതിനെ തുടർന്നാണു് സ്പീക്കർ ഇപ്രകാരം പ്രസ്താവിച്ചതു്.

കച്ചു് അതിർത്തിപ്രശ്നം ഗവണ്മെന്റു് ശരിയായി കൈകാര്യം ചെയ്യുന്നില്ലെന്നു് പ്രതിപക്ഷനേതാവിനും രോഷാകുലമായ ആരോപണങ്ങളുടെ നടുവിലായിരുന്നു താൻ രൂക്ഷമായ ഈ പരാമർശമുണ്ടായതു്.

ശങ്കരജയന്തി ആഘോഷങ്ങൾ സമാപിച്ചു

കാലടി, മേ. 6

ശതചണ്ഡിഹോമം, പൂർണ്ണാഹുതി എന്നീ കാര്യങ്ങളോടുകൂടി കഴിഞ്ഞ അഞ്ചു ദിവസമായി ഇവിടെ നടന്നവന്ന ശങ്കരജയന്തി ആഘോഷങ്ങൾ ഇന്നു സമാപിച്ചിരിക്കുന്നു.

ജഗത്ഗുരുക്കളായ ശ്രീ ശ്രീ ചന്ദ്രശേഖരപുരിശങ്കരാചാര്യന്മാർ തദവസരത്തിൽ സന്നിഹിതരായിരുന്നു. വൈകുന്നേരം ശങ്കരാചാര്യന്മാർ മൂന്നുപേരും അവരുടെ ക്യാമ്പുകളിൽ ചന്ദ്രമൗലീശ്വര പൂജയും ശാരദാപൂജയും നടത്തുകയുണ്ടായി.

....

പാക് ചാരൻ കോൺഗ്രസ് നേതാവിന്റെ കളിമുറിയിൽ

ഭുജ്, മേയ്, 7

കരുതൽ തടങ്കൽ നിയമപ്രകാരം അറസ്റ്റ് ചെയ്യപ്പെടേണ്ട ഒരു പാക്കിസ്ഥാൻ ചാരൻ ഭുജ് എന്ന സ്ഥലത്തെ വളരെ പ്രധാനപ്പെട്ട ഒരു കോൺഗ്രസ്സ് നേതാവിന്റെ കളിമുറിയിൽ കളിച്ചിരുന്ന രക്ഷപ്രാപിച്ചതായി ബ്ലിറ്റ്സ് വാരിക റിപ്പോർട്ടുചെയ്തിരിക്കുന്നു. ഇപ്രകാരം സുരക്ഷ എന്നു പേരുള്ള ഈ ചാരനെ പോലീസ്സ് കൈക്കൊലമായി രാജ്യദ്രോഹപ്രവർത്തനങ്ങൾക്ക് കസ്റ്റഡിയിലെടുക്കാൻ ശ്രമിച്ചുകൊണ്ടിരിക്കയായിരുന്നു. ഇയാൾ പ്രസ്തുത കോൺഗ്രസ്സ് നേതാവിന്റെ വീട്ടിലുണ്ടെന്നു വിവരം ലഭിച്ചതിനെത്തുടർന്നാണ് പോലീസ് അവിടെയെത്തിയതു്. എന്നാൽ അയാൾ പോലീസ്സിനെ കബളിപ്പിച്ച് കളിമുറിയിലൊളിക്കുകയും രക്ഷപ്പെടുകയുമുണ്ടായി.

കമ്മ്യൂ:ക്കളുടെ ഇരട്ടത്താപ്പ്

എസ്. എം ജോഷിയുടെ വിമർശം

പൂനാ, മേയ് 6

അമേരിക്കയെ വികസനാത്മകമായ അവരുടെ കരുക്കങ്ങളിൽ അഭിപ്രായ ഭിന്നതകൾ ഉടലെടുക്കുകയും, ഇന്ത്യയെ നഗ്നമായി അക്രമിക്കുന്ന പാക്കിസ്ഥാനെ പിന്തുണ നൽകുന്ന ചൈനയെ അപലപിക്കുവാൻ തയ്യാറായി മുന്നോട്ടു വരണമെന്നു്, എസ്. എസ്. പി. പെയർമാൻ എസ്. എം. ജോഷി ആവശ്യപ്പെട്ടിരിക്കുന്നു. ഇടതുപക്ഷ കമ്മ്യൂണിസ്റ്റുകാരും ഇന്ത്യയോടു് കൂറുണ്ടോ എന്നുള്ളതിനു് ഇതു് ഒരു ഉരകല്ലായിരിക്കുമെന്നു് ജോഷി പുണെയിൽ പറഞ്ഞു.

ചൈനയെ അപലപിക്കുവാൻ കമ്മ്യൂണിസ്റ്റുകാരും മടിക്കുന്നുവെങ്കിൽ, ഇന്ത്യയിലെ ജനങ്ങളും രാഷ്ട്രീയ പാർട്ടികളും, ഈ കാര്യം ശ്രദ്ധാതമായി കണക്കിലെടുക്കേണ്ടതും, ഇന്ത്യൻ കമ്മ്യൂണിസ്റ്റുകളുടെ ഇന്ത്യയിലെ ഭാവിനിലയെപ്പറ്റി തീരുമാനമെടുക്കേണ്ടതുമാണെന്നു് ജോഷി പറഞ്ഞു.

— (പി. ടി. ഐ)

അതിർത്തി സംരക്ഷണം നന്നായി നടക്കുന്നു പ: ബങ്കാളം മുഖ്യമന്ത്രിയുടെ പ്രസ്താവന

(പി. ടി. ഐ) കല്യാണി, മേ 7

പൂർവ്വപാക്കിസ്ഥാനോടു് തൊട്ടുകിടക്കുന്ന സംസ്ഥാനമാതിർത്തിയിലെ സ്ഥിതിഗതികളെപ്പറ്റി പശ്ചിമബങ്കാളം മുഖ്യമന്ത്രി മി. പി. സി. സെൻ, സൈനികാധിസർമേധാവിയായി ചർച്ച നടത്തുകയുണ്ടായി.

18 ദിവസമായി മി. സെൻ ജല്പായിലായിരുന്നു.

നമ്മുടെ അതിർത്തി നല്ലപോലെ സംരക്ഷിക്കപ്പെട്ടുവരുന്നുണ്ടു്. നമുക്കു് അസ്വസ്ഥമാകുന്നതൊന്നുമില്ലെന്നു മി. സെൻ പത്രലേഖകരോടു് പറഞ്ഞു. അതിർത്തി സംരക്ഷിക്കുവാൻ പശ്ചിമബങ്കാളം അതിർത്തി പോലീസ് തികച്ചും മതിയാകുമെന്നും അദ്ദേഹം ഒരു പോരായ്മയുമില്ലാതെ പ്രവർത്തിക്കുന്നുണ്ടെന്നും മുഖ്യമന്ത്രി പറഞ്ഞു.

വിയറ്റ നാമിൽ ആഫ്രോ-ഏഷ്യൻ സൈന്യം രാഷ്ട്രപതിയുടെ നിർദ്ദേശത്തിനു് അനുകൂല പ്രതികരണം

(പി. ടി. ഐ) ന്യൂഡൽഹി മേ. 7

വിയറ്റ്നാം അതിർത്തിയിൽ ഒരു ആഫ്രോ-ഏഷ്യൻ സൈന്യത്തെ നിർത്തണമെന്ന രാഷ്ട്രപതി ഡോക്ടർ രാധാകൃഷ്ണന്റെ നിർദ്ദേശത്തിനു് ഏതാനും പേരിൽനിന്നും അനുകൂലമായ പ്രതികരണമുണ്ടായിട്ടുള്ളതായറിയുന്നു.

കഴിഞ്ഞമാസം ഡോ: രാധാകൃഷ്ണൻ ഈ നിർദ്ദേശം ഉന്നയിച്ചശേഷം, ഇന്ത്യാ ഗവണ്മെന്റ് അനേകം രാഷ്ട്രങ്ങളുടെ അഭിപ്രായം ആരായുകയുണ്ടായി.

കട്ടിയവരുണ്ടോ?

ഇന്നു രാത്രി [7-5-65] 8-നും 9-നും മദ്ധ്യേ കഥകാസിനോവിനും ജില്ലാ ആസ്പത്രിക്കും ഇടക്കുവെച്ച് ഒരു വെസ്റ്റൻർ റിസ്റ്റ്വാച്ച് കൈമോശം വന്ന പോയിരിക്കുന്നു. കണ്ടുകിട്ടുന്നവർ ഭയവയി "തൊഴിലാളി" ഓഫീസിൽ തിരിച്ചേല്പിക്കുന്നതായാൽ തക്ക പ്രതിഫലം നല്കുന്നതായിരിക്കും.

ഡൊമിനിക്കൻ റിപ്പബ്ലിക്കിൽനിന്നും അമേ: സേനപുറത്തുപോകണം, ഡിഗോൾ

(രോയിട്ടർ) പാരീസ്, മെ. 7

ഡൊമിനിക്കൻ റിപ്പബ്ലിക്കിൽനിന്നും അമേരിക്കൻ സേന പുറത്തുപോകണമെന്നു് ഫ്രഞ്ചു പ്രസിഡണ്ടു് ഡിഗോളെ ഇവിടെ പ്രസ്താവിച്ചിരിക്കുന്നു.

റെബൽസേനയുടെ നേതാവായകൊളോനൽ ഫ്രാൻസിസ്കോ കമ്മാനെ സൈനയുടെ ഗവണ്മെണ്ടിനെഅംഗീകരിക്കുന്നകാര്യം താൻ പരിഗണിച്ചുവരികയാണെന്നും അദ്ദേഹം പറഞ്ഞു. ഒരു പത്രസമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

ഡൊമിനിക്കൻ റിപ്പബ്ലിക്കിൽ വിദേശസേനകളും നിൽക്കുന്നതിനോടുള്ള തന്റെ വിയോജിപ്പ് ഫ്രഞ്ചു് മന്ത്രിസഭായോഗത്തിൽ പ്രകടിപ്പിക്കുകയുണ്ടായി.

— സ്വ. ലേ

ഇംഗ്ലീഷ് മീഡിയം ക്ലാസ്സുകൾ

മമ്മിയൂർ ലിറ്റിൽ ഫ്ളവർ കോൺവെന്റ് ഗേൾസ് ഹൈസ്കൂളിൽ ഇക്കൊല്ലം V, VI, VIII, IX എന്നീ സ്റ്റാന്റേഡുകളിൽ ഇംഗ്ലീഷ് മീഡിയം ക്ലാസ്സുകൾ ഉണ്ടായിരിക്കുന്നതാണ്. മെയ് 17-ാംതീയതിമുതൽ കുട്ടികളെ ചേർക്കുന്നതാണ്.

ഹെഡ്മിസ്ട്രസ്

ഉദ്ദിഷ്ടകാര്യം സാധിച്ചതിനു് ഉപകാരസ്മരണ




T. J. A.
Kodakara.

താമസിച്ചതിനു ക്ഷമാപണം.

റേഡിയോകൾ മൻക്കൂർ കൊടുക്കുന്നു!

ഇന്നു വാങ്ങാം



പണം പിന്നീട് തവണകളായി അടച്ചാൽ മതി

ബെൻസൺ & ജോൺസ്,
ഹൈറോഡ് (ആശുപത്രിക്കടുത്ത്) തൃശൂർ-1.

കൂടുതൽ വിവരങ്ങൾക്ക് 50 പൈസ സ്റ്റാമ്പ് സഹിതം അപേക്ഷിക്കുക.

കുടുംബസഹിതം ഒരുമിച്ചിരുന്നു കാണേണ്ട ചിത്രം-

ഒരാദർശചിത്രം!!!



തൃശൂർ - ജോസിൽ

തലസ്ഥാനത്തുനിന്നു്

[സ്വ. ലേ] മെയ്,

തൊടുപുഴ സബ്ബ്മജിസ്ട്രേട്ട്

തൊടുപുഴ സബ്ബ്മജിസ്ട്രേട്ട് ശ്രീ. ററി. കെ. രാമകൃഷ്ണൻ 32 ദിവസത്തെ അവധിയിലവധിച്ചിരിക്കുന്നു. കൊല്ലം ഡിസ്ട്രിക്ട് കോടതി ഫെഡ് ക്ലാർക്ക് ശ്രീ. എം. ഷേക്ക് ഹസ്സനായ പകരം താൽക്കാലികമായി തൊടുപുഴ സബ്മജിസ്ട്രേട്ടായി പുനർ നിയമിച്ചിട്ടുണ്ട്.

അഗ്രിക്കൾച്ചറൽ മാർക്കറിംഗ് ആഫീസ്

കേരള കൃഷിവകുപ്പിലെ അഗ്രിക്കൾച്ചറൽ മാർക്കറിംഗ് ആഫീസറുടെ ആഫീസ് തൈക്കാട്ട് ററി സി. 1129/18 ബിൽഡിംഗിൽനിന്നും വഴുതക്കാട്ട് കേരളവിലാസം റോഡിലുള്ള ഗോവർമെൻ ബിൽഡിംഗിലേയ്ക്കു് മാററിയിരിക്കുന്നു.

മുൻസിഫ്മാരുടെ സ്ഥലംമാറ്റം

വടക്കാഞ്ചേരി അഡീഷനൽ മുൻസിഫ് ശ്രീ. ടി. കെ. ഗോവിന്ദൻകുട്ടിമേനോനെ കൊട്ടാരക്കര മുൻസിഫ്മജിസ്ട്രേററായും അവിടെനിന്നു് ശ്രീ. ടി. ശക്തിധരൻനായരെ ആലപ്പുഴ അഡീഷനൽ മുൻസിഫായും, ആലുവാ മുൻസിഫ് ശ്രീ എൻ. രാമചന്ദ്രനെ അവിടത്തെ പ്രിൻസിപ്പൽ മുൻസിഫായും സ്ഥലംമാററി നിയമിച്ചിരിക്കുന്നു.

ഇൻറൻസീവ് പ്രീമെഡിക്കലിനു് സീററൊഴിവു്

തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജിൽ ഇൻറൻസീവ് പ്രീമെഡിക്കൽ കോഴ്സിനു് ഏതാനും സീററൊഴിവുള്ളതായി പ്രിൻസിപ്പൽ അറിയിക്കുന്നു. ബോട്ടണി, സുവോളജി, കെമിസ്ട്രി, അവയുടെ കോംബിനേഷനുകൾ എന്നീ വിഷയങ്ങൾക്കാണു് സീററൊഴിവുള്ളതു്. അപേക്ഷകൾ മേയ് 10-നുവരെ സ്വീകരിക്കുന്നതാണു്. ചേരാനാഗ്രഹിക്കുന്നവർ പ്രിൻസിപ്പൽ മുമ്പാകെ മാർക്കുലിസ്റ്റും കോഴ്സ് സർട്ടിഫിക്കറ്റുമായി ഹാജരാകുകയോ രക്ഷകർത്താക്കളെ മുഖേന അപേക്ഷിക്കുകയോ ചെയ്യണം.

തൈവവിളി ദിനാചരണം

[സ്വ. പ്ര.] കൊല്ലം, മേയ് 5

പ്രാദേശിക ഇടവകയിലെ വിവിധ ഭക്തസംഘടനകളുട